# ആറാം ഇന്ദ്രിയം

*എം. ആയിഷ, II P.D.C.*

അമ്മിണി ഒന്നുകൂടി ഉറച്ചിരുന്ന് അടഞ്ഞുപോയ സുവോളജി ടെക്സ്റ്റ് ബുക്ക് നിവർത്തി വീണ്ടും വായന തുടങ്ങി. "ദി ഹാർട്ട് ഓഫ് ദി ഫ്രോഗ് ഈസ്............". രണ്ടുമൂന്ന് വാചകങ്ങൾ വായിച്ച് കഴിഞ്ഞപ്പോഴേക്ക് വീണ്ടും തേങ്ങലടക്കാൻ വയ്യാതായി. 'തനിക്കെന്തുപറ്റി'? അവളത്ഭുതപ്പെട്ടു. 'എന്താണ് തനിക്കീ അസ്വാസ്ഥത? ഉച്ചക്ക് രണ്ടു മണിക്ക് പരീക്ഷ തുടങ്ങും. വെർട്ടിബ്രേറ്റ് മാത്രം വായിച്ചിട്ട് സുവോളജിയുടെ കാര്യം ഒന്ന് ശരിയാക്കാമെന്ന് വിചാരിച്ചിട്ടാണ് ബാക്കിയെല്ലാ ഭാഗങ്ങളും ഒഴിച്ചുവിട്ട് അത് വായിക്കാൻ തുടങ്ങിയത്. എന്നിട്ട് കാൽഭാഗംപോലും വായിച്ചുതീർന്നിട്ടില്ല! വളരെയധികം വായിക്കാനുള്ളതുകൊണ്ടാണോ തനിക്കീവിഷമം? പക്ഷെ കെമിസ്ട്രി എക്സാമിനേഷന് വെറും ഇരുപത് പേജ് വായിച്ചിട്ടാണ് പോയത്. എങ്കിലും ഇത്രസങ്കടം വന്നില്ലല്ലോ? അത് താൻ പ്രതീക്ഷിക്കാതെ സംഭവിച്ചതായിരുന്നു. ഇന്ന് താനിത് പ്രതീക്ഷിച്ചതല്ലേ? എന്നിട്ടും.... ....!'

'അല്ല; അതല്ല ഈ അസ്വാസ്ഥതക്ക് കാരണം. അമ്മച്ചിയും കുഞ്ഞിമോളും വീട്ടിലില്ലാത്തതുകൊണ്ടാണോ? പക്ഷെ കുഞ്ഞമ്മയ്ക്ക് ടൈഫോയിഡ് പിടിച്ചപ്പോൾ അമ്മച്ചി തന്നെവിട്ട് പത്തുപതിനാലുദിവസം കുഞ്ഞമ്മയുടെ കൂടെ താമസിച്ചിരുന്നുവല്ലോ? എന്നാലും അതുതന്നെയായിരിക്കും കാരണം. വല്ലാത്തൊരു വിഷമം; ഒരേകാന്തത. ലീല സാധാരണ പറയും അമ്മയില്ലാത്തപ്പോൾ ഒന്നിനും ഒരു ഉത്സാഹം തോന്നാറില്ല എന്ന്. അപ്പോഴെല്ലാം അമ്മയുടെ പുന്നാരമോള് എന്ന് പറഞ്ഞ് താൻ അവളെ കളിയാക്കാറുണ്ട്. ഇന്ന് തനിക്കും പുന്നാരമോളുടെ അവസ്ഥവന്നു'.

'കർത്താവേ! രണ്ട് ചോദ്യത്തിനെങ്കിലും ഉത്തരമെഴുതാൻ കഴിയണമെങ്കിൽ ഇനിയും വായിക്കണം. ഹൊ! ഫ്രോഗിൻെറ പകുതിയും കൂടി തീർന്നിട്ടില്ല. ഇനി എന്തുചെയ്യും?' അവൾപോയി മുഖം കഴുകിവന്നു. തണുത്ത വെള്ളം കുറച്ച് ആശ്വാസംപകർന്നു. വാച്ച് നോക്കിയപ്പോൾ സമയം ഒന്നര! അവൾ വേഗം പുസ്തകം മുമ്പിൽ എടുത്തുവെച്ച് 'തവള' വായനതുടങ്ങി.

"അമ്മിണീ, വേഗംവരൂ. പഠിച്ചതുമതി ഇനി ക്ലാസ്സിലിരുന്നു നോക്കാം. സമയമായി". 'ഹൊ! ലീലവന്നു. ഇനി രക്ഷയില്ല! ഇനിയും പത്തുപതിനഞ്ച് പേജ് വായിക്കാൻ സമയമില്ല. വരുന്നതു വരട്ടെ.' അവൾ പേനയും പെൻസിലുകളും പുസ്തകവുമെടുത്ത് ലീലയോടുകൂടെ നടന്നു. തൻെറ അനുഭവം പറയുവാൻ വായ തുറന്നപ്പോഴേക്കും 'പുന്നാരമോള്' തുടങ്ങി. "എത്രേണ്ട് വായിക്കാൻ! വായിച്ചതൊട്ട് തലയിൽ കേറുന്നില്ല്യ. ബാക്കി എല്ലാറ്റിലും രക്ഷപ്പെട്ടാലും ഇതിൽ രക്ഷപ്പെടൂല്ലാ

ന്നാണ് തോന്നുന്നത്", അവൾ പറഞ്ഞു നിർത്തി. "ഞാൻ തീരെ പഠിച്ചിട്ടില്ല. എനിക്കറിഞ്ഞുകൂട എന്താണ് പേപ്പറിൽ എഴുതിവെക്കേണ്ടത്! ഇന്ന് പരീക്ഷയ്ക്ക് വരണ്ടാന്നും കൂടി ഞാൻ വിചാരിച്ചു! വൈകുന്നേരം അമ്മച്ചി വന്നിട്ട് ചോദിക്കും എളുപ്പമായിരുന്നില്ലേന്ന്. ഫസ്റ്റ് റാങ്കെന്നും പറഞ്ഞിരുന്നിട്ട് ഇത്ര മോശമായി ചെയ്യുകയാണെങ്കിൽ ഇച്ചായൻ ചമ്മന്തിയാക്കിക്കളയും," അമ്മിണി പറഞ്ഞു. "അമ്മിണി അതു പറഞ്ഞപ്പോളാ ഓർമ്മവന്നത്", ഗീത പരീക്ഷക്കിരുന്നില്ലാത്രെ. അവൾടെ കൽക്കത്തായിലുണ്ടായിരുന്ന ഏട്ടൻ മരിച്ചെന്ന് അവൾ സ്വപ്നം കണ്ടത്രെ! എന്നിട്ട് എല്ലാരും പറയണ് ആറാം ഇന്ദ്രിയത്തിന്റെ കഴിവാണെന്ന്".

അത് കേട്ടപ്പോൾ അമ്മിണിക്ക് തന്റെ വിഷമം ഓർമ്മവന്നു. അസ്വസ്ഥത വീണ്ടും അവളുടെ മനസ്സിൽ തലപൊക്കി. 'തന്റെ വിഷമവും ആറാമിന്ദ്രിയത്തിന്റെ പ്രവൃത്തിയായിരിക്കുമോ? അമ്മച്ചിക്കും കുഞ്ഞുമോൾക്കും ഒന്നും സംഭവിക്കരുതേ....' അവൾ മനസ്സിൽ പ്രാർത്ഥിച്ചു. കരച്ചിൽ വീണ്ടും വന്നു. വല്ലാത്ത പരിഭ്രമവും. "ഞാനില്ല ലീലേ. എനിക്ക് തീരെ സുഖമില്ല. നീ പൊയ്ക്കോ" അതുംപറഞ്ഞ് അവൾ തിരിഞ്ഞുനടക്കാൻ ഭാവിച്ചു. "എന്താണമ്മിണീ? പരീക്ഷയ്ക്കാ കുട്ടികളെ! എന്താ സുഖമില്ലാത്തത്? എന്നോട് പറ." അമ്മിണി മനസ്സിലെ സംശയങ്ങൾ കൂട്ടുകാരിയെ അറിയിച്ചു. 'ഛെ, ഇതിനാ പരീക്ഷയ്ക്ക് പോവാതിരിക്കണത്? അയ്യയ്യേ! വെറുതെ ഓരോന്ന് വിചാരിച്ചിട്ട് വിഡ്ഢിത്തംകാട്ടണ്ട. വാ, നടക്ക്!" അവൾ പിന്നെ മിണ്ടാതെ നടന്നു. 'മനസ്സിലുണ്ടായിരുന്ന സമാധാനം മുഴുവൻ നഷ്ടപ്പെട്ടു.' തന്നെത്തന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചുകൊണ്ട് അവൾ നടന്നു.

കോളേജിലെത്തിയപ്പോൾ ബെല്ലടിക്കാൻ അടുത്തിരുന്നിട്ടുണ്ട്. എല്ലാവരും തിരക്കിട്ട് പഠിക്കുന്നു. അവൾക്ക് പുസ്തകം തുറക്കാൻ പോലും കഴിഞ്ഞില്ല. ബെല്ലടിച്ചപ്പോൾ മെല്ലെ ഹാളിലേക്ക് നടന്നു. എല്ലാവർക്കും പരീക്ഷയിൽ തോല്ക്കുമോ എന്നുള്ള ഭയമാണ്. അമ്മച്ചിക്കും കുഞ്ഞുമോൾക്കും വല്ലതും സംഭവിക്കുമോ എന്നുള്ള ഭയത്താൽ അവളുടെ മനസ്സ് പിടച്ചുകൊണ്ടിരുന്നു. ചോദ്യക്കടലാസ് കയ്യിൽ കിട്ടിയപ്പോൾ അവൾ പതുക്കെ കണ്ണോടിച്ചുനോക്കി. ഒന്നാമത്തെ ചോദ്യ

ത്തിന്റെ ഉത്തരം വേണ്ട് പഠിച്ചതാണ്. ഇപ്പോൾ കാര്യങ്ങൾ ഓർമ്മയുണ്ട്. തന്റെ മനസ്സ് ഇന്ന് വായിച്ചതാണ്. അതിനെപ്പറ്റി വഴിയുണ്ട്. പക്ഷേ തന്നെപ്പോലുള്ള തിട്ടം മായിരുന്നില്ല അവളുടെ മനസ്സിൽ. പരിഭ്രമം കൊണ്ട് ഒന്നും ചെയ്യാൻകഴിഞ്ഞില്ല. എങ്കിലും അവൾ പത്രമെഴുതാനാരംഭിച്ചു. അപ്പോൾ മനസ്സിൽനിന്നും പരിഭവം തോന്നി വീണ്ടും തുടങ്ങി.

മണിയടിച്ചപ്പോൾ അറിയുന്ന ഉത്തരം എഴുതിക്കഴിഞ്ഞിരുന്നു. കൂട്ടുകാരോടൊപ്പം സമാധാനത്തോടെ അവൾ ഹാളിൽനിന്നും പുറത്തിറങ്ങി. "ഈസിയായിരുന്നോ? പാസ്സാകുമോ?" എന്നെല്ലാം പലരും ചോദിക്കുന്നു. അവൾ ഒരു പുഞ്ചിരിയോടെ ഉത്തരം പറഞ്ഞു. "കൊള്ളില്ല." വീട്ടിലേക്ക് മടങ്ങിയപ്പോൾ [illegible] കളിയാക്കി. "മോളെ ഞാൻ പഠിപ്പിച്ചി ട്ടില്ലായിരുന്നെങ്കിൽ ഇതൊന്നും കഴിയി ല്ലായിരുന്നു" പരിഹാസംകേട്ട് ചിരിച്ചെങ്കിലും അവളുടെ മനസ്സിൽനിന്നും പരിഭ്രമം വിട്ടുമാറിയിട്ടില്ലായിരുന്നു. വഴിക്ക് വെച്ച് അങ്ങേ വീട്ടിലെ വാസന്തിയമ്മ പറഞ്ഞു: "അനന്തക്കുട്ടി എത്തിയിട്ടില്ല. വരുമ്പോൾ കോഴിയുടെ കാര്യം ഒന്ന് പറയണേ മോളെ മറക്കരുതേ!" അമ്മച്ചി വന്നിട്ടില്ലെന്നറിഞ്ഞപ്പോൾ ഭയം വീണ്ടും അവളുടെ മനസ്സിൽ ഉണർന്നു. അവൾ വീട്ടിലേക്ക് നടന്നു. വീട്ടിലെത്തിയപ്പോൾ ചേച്ചി പറഞ്ഞു. "ഞാൻ പോകും, മോള് നാളെത്ത് നന്നായി പഠിച്ചോളൂ".

അമ്മിണി കുറ്റം കുറവും കഴുകിയിട്ട് കട്ടിലിൽ ഇരുന്നു. വരാന്തയിലേക്ക് കയറിയപ്പോൾ മേശമേൽ പത്രംകണ്ടു. 'പഠിപ്പിനെ സംബന്ധിച്ചൊന്നും ഞാൻ പറയേണ്ട കാര്യമില്ല. ഒരു വാർത്തയാണ്' അവൾ പത്രം നിവർത്തി. പെട്ടെന്ന് കണ്ണിൽപ്പെട്ട തലക്കെട്ട് വായിച്ചു. "പാമ്പുകടിയേറ്റ് വീട്ടമ്മ മരിച്ചു. അമ്മ മരണപ്പെട്ടു. എന്റെ അമ്മയോ! അമ്മച്ചി വരുന്ന ബസ്സ്". അവൾ വേഗം വായന തുടർന്നു. "ബസ്സും ലോറിയും കൂട്ടിമുട്ടിയ തിരക്കിൽ പെട്ടുപോയി അമ്മയും (30) എന്ന സ്ത്രീയും..." അവൾ പെട്ടെന്ന് നിർത്തി. "എന്റെ അമ്മച്ചി..." അവൾ തേങ്ങി. കണ്ണിൽ ഇരുട്ട് കയറിയതുപോലെ തോന്നി. ശരീരം തളരുന്നു, കാൽ തളരുന്നു. എന്തൊക്കെയോ തന്റെ ചുറ്റിലുംകറങ്ങുന്നതുപോലെ തോന്നുന്നു. 'തന്റെ പരീക്ഷയും പരാജയപ്പെടും. ആ വിഷമം അമ്മയ്ക്കെങ്ങിനെ സഹിക്കും! കരച്ചിലിന്റെ ശബ്ദം ചേച്ചി കേൾക്കാതിരുന്നപ്പോൾ അവൾ കിടക്കയിൽ കമഴ്ന്നു കിടന്നു.

വാതിലിൽ മുട്ടുന്ന ശബ്ദംകേട്ടപ്പോൾ അവൾ ഞെട്ടി. 'ഇതമ്മയായിരിക്കും. ഇതമ്മയായിരിക്കും. ഇതമ്മയ്ക്ക് ഒന്നും സംഭവിച്ചിട്ടുണ്ടാവില്ല. ദൈവമേ! എങ്ങിനെ ഇതമ്മയോട് പറയും. ഹോ! വായിൽ ഉരിയാടാൻ കഴിയില്ല! അവൾ ശബ്ദമില്ലാതെ കിടന്നു. വാതിൽ തുറന്നപ്പോൾ മുറ്റത്ത് ഉമ്മറത്തിണ്ണയിൽ. [illegible] സന്തോഷംകൊണ്ട് തുള്ളിച്ചാടി. സമാധാനം വാതിൽതുറന്ന് കയറുന്ന് ! അമ്മച്ചിയും [illegible] ഒക്കെ !!!

# ഏഴിലംപാല

*വി. ജി; കോക്കിവളവ്, P-3.*

വിജനമായ ആ ഗ്രാമമൂലയിലൂടെ നടന്നകലുകയായിരുന്നു. മണ്ണിന്റെ രോമഹർഷങ്ങൾ കിളുർത്ത പച്ചഭൂമി. അവിടവിടെയായി തല പൊക്കുന്ന തൈമരങ്ങൾ. തൈമരങ്ങളിൽ കയറിയിരുന്നുകൊണ്ട് കന്നുകാലിച്ചെറുക്കന്മാർ ചൂളംവിളിക്കുന്നു.

നെടുവീർപ്പിട്ടുകൊണ്ടയാൾ ആകാശത്തിലേക്ക് നോക്കി. പായൽ മൂടിയ സമുദ്രംകണക്കെ ആകാശം കലങ്ങിമറിഞ്ഞിരുന്നു. ആകാശത്ത് മഴക്കാറുള്ളതുകൊണ്ടാണോ, എന്തോ ശരീരത്തിന്ന വല്ലാത്ത ഉഷ്ണം. സർവ്വോപരി മനസ്സിന്നും. അസ്തമന സൂര്യന്റെ സിന്ദൂരവല്ലികൾ വന്ന് പതിക്കുന്ന വാഴയിലകൾ തൈമണിക്കാറ്റിൽ പുളകംകൊണ്ടു. കിഴക്കുനിന്നും കുതിച്ചെത്തിയ ശീതക്കാറ്റിനോടൊപ്പം ഒലിച്ചെത്തുന്ന പാലപ്പൂവിന്റെ മണം ശ്വസിച്ചപ്പോൾ ഓർത്തു, ഇവിടെയടുത്തെങ്ങാനും പാലയുണ്ടോ എന്ന്.

ചഞ്ചലമായ മനസ്സോടെ ഏറിയനേരവും കലങ്ങിമറിഞ്ഞ ആകാശം നോക്കിനടന്നു. ചിന്തകൾ ഇടക്കുവെച്ചു മുറിഞ്ഞു.

"രാജനീ വഴിയൊന്നുംതന്നെയത്ര പരിചയം കാണില്ല അല്ലേ?" എന്ന് പ്രഭ ചോദിച്ചപ്പോൾ എന്താണു പറയേണ്ടതെന്ന് തോന്നിയില്ല. ഒരക്ഷരം പറഞ്ഞില്ല. പരിചയം കാണില്ലെന്ന്! പിന്നെയാർക്കാണ് പരിചയം?

ഗ്രാമത്തിന്റെ ഒരു മൂലയെ ഇരുട്ടു വിഴുങ്ങിയിരിക്കുന്നു. സൂര്യപ്രകാശം മിക്കവാറും മങ്ങിക്കഴിഞ്ഞിരിക്കുന്നു. നടന്നു നടന്ന് ചെന്നുപെട്ടതൊരു ഇടവഴിയിലാണ്. നടന്നകലുന്തോറും പാലപ്പൂവിന്റെ മണം അടുത്തടുത്തു വരികയാണ്. മൈതാനം അവസാനിച്ച് ഒരു പുതിയ ലോകത്തിലേക്കെന്നോണം മൈതാനംവിട്ട് ഇടവഴിയിലേക്ക് കടന്നു. തല അല്പം ഉയർത്തിനോക്കി. ഒന്നു ഞെട്ടി. "ഒരേഴിലംപാല". തൊട്ടു മുമ്പിലായൊരു സർപ്പത്താൻകാവ്.

വർഷങ്ങൾ!

കഴിഞ്ഞുപോയ എട്ടു വർഷങ്ങൾ...!

എല്ലാറ്റിനും മൂകസാക്ഷിയായി നില്ക്കുന്ന ആ ഏഴിലംപാല. അത് പുഷ്പിക്കുന്നത് ഇന്നേഴാമത്തെ തവണയാകാം. എല്ലാം അറിഞ്ഞിട്ടും യാതൊന്നുമറിയാത്ത മട്ടിൽ അത് തലയുയർത്തിത്തന്നെ നില്ക്കുന്നു.

സ്കൂളിൽ പഠിക്കുന്ന കാലം. അന്നും ഇതേ വഴിതന്നെ. സർപ്പത്താൻകാവിന്റെ വടക്കായുള്ള ഒരു ലോഡ്ജിലായിരുന്നു താമസം. കൂടെ അച്ഛനും ഒരനിയത്തിയും ഉണ്ടായിരുന്നു. ആഹ്ലാദത്തിമിർപ്പോടെ ആടിപ്പാടിനടന്ന കാലഘട്ടമാണതെല്ലാം. ഹാ! കഴിഞ്ഞുപോയ കാലങ്ങൾ... അവ ഇനിയൊരിക്കലും തിരിച്ചു വരാത്തവിധം വിദൂരതയിലായിക്കഴിഞ്ഞിരി

ക്കുന്നു. എങ്കിലും അതിനെക്കുറിച്ചുള്ള മധുര സ്മരണകൾ മനസ്സിന്റെയുള്ളിൽ പഞ്ചവാദ്യം മുഴക്കുകയാണ്. കൊടിക്കൂറകൾ കെട്ടിയ ഉത്സവപ്പറമ്പിലെ അന്തച്ഛമയം.

അന്ന് സ്കൂളിൽ പോകാറ് സർപ്പത്താൻ കാവിന്റെ മുമ്പിലായുള്ള ഇടവഴിയിലൂടെയാണ്. ഒരിക്കലും അവസാനിക്കാത്ത ചുരുൾ വിരിച്ച ഇടവഴികൾ ഒന്നിൽനിന്ന് മറ്റൊന്നിലേക്കായി വഴിമാറുന്നു. ഇടവഴികളുടെ ഇരുവശങ്ങളിലുമായി കെട്ടിപ്പൊക്കിയ ആരയാൾ പൊക്കത്തിലുള്ള മുൾവേലികൾ. അതിൽ ചുറ്റിപ്പടർന്നു കിടക്കുന്ന വള്ളികളിൽ വിടർന്നു നില്ക്കുന്ന നീല ശംഖുപുഷ്പങ്ങൾ...രാത്രിയുടെ കണ്ണുകൾ. സാധാരണയാരുംതന്നെ ആ വഴിയിലൂടെ പോകാറില്ല. സർപ്പത്താൻകാവിലൊരു ചെകുത്താനുണ്ടായിരുന്നു. വലിയ രക്തദാഹിയായിരുന്നു. നേരം ഇരുട്ടിയാൽ അത് കാവിൽനിന്നും പുറത്തിറങ്ങും. എന്നിട്ടാ പാലച്ചുവട്ടിൽ ഇരിക്കും. അതുവഴി പോകുന്നവരെയെല്ലാം അവൻ കഥ കഴിച്ചേക്കും.

ഏതു ചെകുത്താൻ? അവനെയൊന്ന് കണ്ടാൽ നന്നായിരുന്നു. കുട്ടിക്കാലത്തെ കുസൃതിത്തരങ്ങളായിരുന്നു, എല്ലാം. സ്കൂൾവിട്ട് വീട്ടിലെത്തിയാൽ മുത്തശ്ശിയുടെ അടുത്തേക്കാണ് ആദ്യം ചെല്ലുക. മുത്തശ്ശി തന്റെ ചെല്ലം തുറന്നുവെക്കും. നല്ല തളിർവെററിലയിൽ ചുണ്ണാമ്പുതേച്ച് ചതച്ച പാകംവരുത്തിയ പാക്ക് കോട്ടിലിട്ട് നല്ലപോലെ ഒന്നു ചവച്ച് മയംവരുത്തി ഉമ്മറത്തിണ്ണയിലിരുന്നുകൊണ്ട് മുറ്റത്തേക്കൊന്നു നീട്ടിത്തുപ്പി, തുടങ്ങും കഥ പറയാൻ. മുത്തശ്ശിക്കഥകൾ. സർപ്പത്താൻകാവിന്റെ ഉത്ഭവത്തെ കുറിക്കുന്ന പഴങ്കഥകൾ. എല്ലാം വിശ്വാസമാണ്. അന്ധവിശ്വാസങ്ങൾ അവയെ ചുറ്റിപ്പററിയുള്ള അനാചാരങ്ങൾ. അതിനെ പ്രകീർത്തിക്കുന്ന പഴമൊഴികൾ. സർപ്പത്താൻകാവിന്റെ മുന്നിലൂടെ പോകുന്നവർ ഇടക്കിടെ ചെകുത്താന്റെ കരച്ചിൽ കേൾക്കാറുണ്ടായിരുന്നത്രെ. പാവം! വിശന്നിട്ടാകണം. ചെകുത്താനുമുണ്ടല്ലോ ഒരു ചാൺ വയർ. ഇതിലൊന്നുംതന്നെ യാതൊരു മതിപ്പും തോന്നുന്നില്ല. സർപ്പത്താൻകാവിലെ ചെകുത്താന്റെ കരച്ചിൽ പലരും കേട്ടതാണ്. പക്ഷെ പുരുഷനാണെന്നഭിമാനിക്കുന്നവരാരും അതിനുള്ളിൽ പോകാൻ ധൈര്യപ്പെട്ടില്ല. പിന്നെ സ്വല്പം ധൈര്യം കാട്ടിയത് കുട്ടപ്പനാണ്. കുട്ടപ്പന്റെ അച്ഛനൊരു അര മന്ത്രവാദിയായിരുന്നു. "അയാൾ പണ്ട് കുട്ടിച്ചാത്തനെ സേവിച്ചോനാ", മുത്തശ്ശി പറഞ്ഞുകേട്ടിട്ടുണ്ട്. ഒരു ദിവസം കുട്ടപ്പൻ ഇല്ലാത്ത ധൈര്യവുമവലംബിച്ചുകൊണ്ടാണാ കാവിൽ കടന്നത്. അന്നും പതിവുപോലെ ചെകുത്താന്റെ കരച്ചിൽ കേട്ടിരുന്നു. പാവം കുട്ടപ്പൻ പേടിച്ചോ എന്തോ. കുട്ടപ്പൻ ഉള്ളിൽ കടന്നതോടെ ആ കരച്ചിൽ കൂടിയതേയുള്ളു. തുടർന്ന് കേട്ടതൊരു കരച്ചിലാണ്. കുട്ടപ്പനെ ചെകുത്താൻ പിടിച്ചു. ആളുകളെല്ലാം അവരവരുടെ ജീവനുംകൊണ്ട് തടിതപ്പി. അങ്ങനെ കുട്ടപ്പനെ ചെകുത്താൻ പിടിച്ച വാർത്ത അവിടെയെങ്ങും പാട്ടായി. നാലാൾ കൂടുന്നിടത്ത് ആ വാർത്തക്ക് ചൂടും ഉശിരുമുണ്ടായി. പക്ഷെ നേരം പുലർന്നതോടെ നാട്ടുകാർ കണ്ടത് കുട്ടപ്പനെത്തന്നെയാണോ? ആളുകൾ സംശയിച്ചു. അതെ, കുട്ടപ്പൻതന്നെ. സർപ്പത്താൻ കാവിൽ യാതൊരു ചെകുത്താനുമില്ല. 'പിന്നെ യാരാണ് കരഞ്ഞിരുന്നത്'?' ആളുകൾക്ക് ജിജ്ഞാസയായിരുന്നു. അതൊരു നത്തായിരുന്നു. സർപ്പത്താൻകാവിലെ പാലയിലിരുന്നുകൊണ്ട് നത്ത് കരയുകയായിരുന്നു. അതിനാണ് കുട്ടപ്പൻ ഒരു നത്തിനെ പിടിച്ചത്. അപ്പോഴുണ്ടായ ശബ്ദമാണ് നാട്ടുകാർ കേട്ടത്. അന്നുമുതലാണ് മന്ത്രവാദി കുട്ടപ്പൻ ചെകുത്താൻ കുട്ടപ്പനായത്.

ഇതുകൂടാതെ വേറെ പല കഥകളും പറഞ്ഞുകേട്ടിട്ടുണ്ട്. വൃദ്ധ അത്രത്തോളം പറഞ്ഞു നിറുത്തി. താനും കേട്ടിട്ടുണ്ടൊരു കഥ. കേൾക്കുക മാത്രമല്ല അനുഭവംതന്നെയാണ്. അതു പറയാനുള്ള ധൈര്യം ഉണ്ടായില്ല. എല്ലാം പരീക്ഷണമാണ്. ഇപ്പോഴാ സംഭവത്തോടാണെങ്കിൽ കൃതജ്ഞബന്ധം തോന്നുന്നു. ഇന്നാണെങ്കിൽ കൊള്ളാവുന്നൊരു ജോലിയുണ്ട്. നാട്ടിലെല്ലാവരും തന്നെ ബഹുമാനിക്കുന്നു. ഓ! എങ്കിലും ആ സംഭവത്തെക്കുറിച്ചോർക്കുമ്പോൾ ലജ്ജ. 'ധിക്കാരി നീ അത്രയ്ക്കായോ' എന്നു ചോദിക്കാൻ നാക്ക് പൊന്തിയില്ല. അന്നതിനുള്ള ശക്തിയില്ല. ഇന്ന് വേണ്ടുവോളം ശക്തിയുണ്ട്.

ഹൈസ്കൂൾജീവിതം മിക്കവാറും അവസാനിക്കാറായിരിക്കുന്നു. സർപ്പത്താൻകാവിന്റെ മുന്നിലൂടെയുള്ള ഇടവഴിയിലൂടെ നടന്നു പോകുമ്പോൾ അസ്വസ്ഥതയോടെ പിന്തിരിഞ്ഞു നോക്കി. ആര്! ആശ്വാസമായി. വിജയം പിന്നിൽത്തന്നെയുണ്ട്. എന്താ

യാലും വേണ്ടില്ല. ഇന്നെല്ലാം പറയണം. മനസ്സിലതിന്റെ നടത്തം പലപ്പോഴും സാവധാനത്തിലാക്കി.

അവളുടെയടുത്തെത്തുമ്പോഴും മനസ്സിലൊന്നുമില്ലാതെ ശൂന്യമായി. എന്തു പറയണം, എങ്ങിനെ പറയണം എന്നെല്ലാം ഒരു രൂപവുമില്ല. അടുത്തെത്താറായപ്പോഴേക്ക് അവൾ അടുത്തെത്തിക്കഴിഞ്ഞിരുന്നു. പതിവിലും വിടർന്നതായി തോന്നും വിധം ചിരിച്ചുകൊണ്ടിരുന്നു. ഒതുക്കിപ്പിടിച്ചിരുന്നതു് അധരങ്ങൾ തമ്മിൽ ഇറുകിയടച്ചു. ധാരാളം പറയാനുണ്ട്. ഒന്നും വരുന്നില്ലതാനും. ഒടുവിൽ ചുണ്ടുകളെ നിയന്ത്രിച്ചു. നിരാശപോലെ അകത്തേക്ക് വലിഞ്ഞു കയറുന്ന ശ്വാസത്തെ പിടിച്ചുകൊണ്ട് ചോദിച്ചു.

"വിജയം ഉറപ്പിക്കാമോ?

ഒന്നും പറഞ്ഞില്ല. ഒന്നു തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ അവൾ നടന്നകന്നു. എങ്കിലും വിട്ടില്ല. ഇത്ര നല്ല സന്ദർഭം ഇനി ഒരിക്കലും കിട്ടില്ല. എല്ലാം പറയണം. ഇന്നു പറയണം. അവളിൽനിന്ന് പ്രതികരണം എന്തായാലും വേണ്ടില്ല, പറയുകതന്നെ. പറയാൻ ചുണ്ടുകളെ നിയന്ത്രിക്കാൻ പറ്റിയില്ല. ഒടുവിൽ ശക്തിയെല്ലാമുപയോഗിച്ച് നാലാക്കി മടക്കിയ കടലാസ് കയ്യിൽ പിടിപ്പിച്ചു മുന്നോട്ടു നീങ്ങി.

ഹൃദയത്തിന്റെ തുടിപ്പ്, പെണ്ണിന്റെ മാർദ്ദവം ആ ഉൾക്കൈകളായിരുന്നു. ഒട്ടും വൈകിയില്ല, ഉടനെത്തന്നെ പുസ്തകങ്ങൾ താഴെ വെച്ചു. ആ കൈ തന്റെ കവിളിൽ പതിക്കുമെന്നൊരിക്കലും പ്രതീക്ഷിച്ചതല്ല. പക്ഷെ, സംഭവിച്ചതപ്രകാരമാണ്. എല്ലാം പെട്ടെന്നു കഴിഞ്ഞുപോയോ എന്നതു്, ചിന്തിച്ചതും പ്രവർത്തിച്ചതുമെല്ലാംതന്നെ അബദ്ധമായിപ്പോയി. എന്തു ചെയ്യണമെന്നു തോന്നിയില്ല. ധിക്കാരപൂർവ്വം പുസ്തകവും കയ്യിലെടുത്തുകൊണ്ട് മാറും ഇളക്കിച്ച് നടന്നകലുന്ന അവളെ ഒരു നിമിഷം ദയനീയതയോടെ നോക്കി.

നിരാലംബമായ കൈകൾ വായുവിൽ വീശി ആ പാലമുറ്റത്തിലിരുന്നപ്പോൾ ആ ഏഴിലംപാല പരിഹസിച്ചു. ഒരു പിടി ഉണങ്ങിയ പൂവുകൾ തന്റെ തലയിൽ വർഷിച്ചു. പരാജയബോധം മനസ്സിനെ അസ്വസ്ഥമാക്കിയിരുന്നു. പെണ്ണിനാണ് തിരിഞ്ഞുനോക്കിയതു്". റേഡിയോനാടക ശ്രുതിയിൽ പിറുപിറുത്തു നടന്നുപോകുന്നു.

ഇനി രക്ഷയില്ല. ഇതെല്ലാവരും അറിയും. ഇതു ഗ്രാമത്തിന്റെ അങ്ങാടിയിൽ പാട്ടാകും. അപമാനം. അപമാനം മുഴുവൻ അച്ഛനായിരിക്കും. വൈകുന്നേരം അച്ഛൻ കടയിൽപോകുമ്പോൾ കേൾക്കും, "ഗോപാലൻമാഷെ മകന് പെണ്ണിനോട് തല്ലുകിട്ടി". അതാലോചിക്കാൻ പോലും കഴിയുന്നില്ല. അപമാനം പുരത്തെ ഒളിച്ചുകഴിഞ്ഞാൽ പരിചയക്കാർ കൂടും. എല്ലാവരും കണ്ടാൽ പരിചയം നടിക്കും. ഇവിടെനിന്നെങ്ങോട്ടെങ്കിലും പോയാലെന്താ? അറിയാതെ പോയാൽ പരിചയമില്ലാത്ത നാട്ടിൽ ചെന്നുപെടും. ആരും തന്നെ നോക്കി ചിരിക്കില്ല. പരിചയമില്ലാത്ത നാട്ടിൽ അപരിചിതരുടെ മുമ്പിൽ തല ഉയർത്തി നടക്കാം. ഒടുവിൽ അങ്ങനെ തീരുമാനിച്ചു പോയതാണ്. പിന്നെ വരുന്നതിന്നാണ്. ആരോടും ഒരു കൈകാണിക്കാതെ.

ഈ ഇടവഴി അവസാനിക്കാറായില്ല. സ്വയം മനസ്സിൽ പറഞ്ഞു. ഗ്രാമം ഇന്നാകെ മാറിയിരിക്കുന്നു. നടന്നു നടന്നു കവലയെത്തിയപ്പോൾ കണ്ടതു് ഒരു സ്ത്രീയെയാണ്. അവൾ തന്നെ തുറിച്ചുനോക്കുന്നു. ഒരുപക്ഷെ പ്രഭയായിരിക്കും. അല്ല, പ്രഭയല്ല. തന്നെയാണ് നോക്കുന്നതു്. പരിചയത്തിന്റെ പേരിലുള്ള മന്ദഹാസം ആ അധരത്തിൽ പരക്കുകയാണ്. ഒന്നോർത്തും ചിരിച്ചു. പിന്നിൽ നടന്ന വൃദ്ധയോട് ചോദിച്ചു,

"അതാരാ...?"

"അതിരിട്ടിയിലുള്ളൊരു പെണ്ണാ. പേര് ആമിന".

ആമിന! പരിചയമുള്ള പേര്. അതെ ഇപ്പോൾ ആളെ ശരിക്കും മനസ്സിലാവാൻ തുടങ്ങുകയാണ്. ആമിന... അതെ. പഴയ ആമിനതന്നെ. ചിന്തിച്ചപ്പോൾ സങ്കടം തോന്നി. പണ്ടൊക്കെ ആമിനയെന്നു കേട്ടാൽ ആരും ഒന്നു നോക്കിപ്പോകും. സ്കൂൾബ്യൂട്ടിയായിരുന്നു. അവളിന്നിതാ ഈ അവസ്ഥയിൽ. അതിശയോക്തി പ്രകടിപ്പിച്ചപ്പോൾ വൃദ്ധ പറഞ്ഞു.

"പണ്ടത്തെ ഗമയെല്ലാം പോയി. അവളിന്നാറു കുട്ടികളുടെ ഉമ്മയാണ്. അവളുടെ കെട്ട്യോനാണെങ്കിൽ അവളെക്കുറിച്ച് ചിന്തയില്ല. എന്തു ചെയ്യാനാ... മനുഷ്യന്റെ അവസ്ഥയല്ലേ. മുൻകൂട്ടി നിശ്ചയിക്കാൻ സാദ്ധ്യമല്ലല്ലോ."

ഇതുതന്നെയായിരിക്കുമോ വിജയത്തിന്റെയും അവസ്ഥ. അറിയാൻ ആഗ്രഹംതോന്നി. പ്രഭയോട് ചോദിക്കാൻ തോന്നിയില്ല. മനസ്സിന് വല്ലാത്ത അസ്വസ്ഥത. ഓർമ്മകൾ കരിങ്കൽതൂണുകളെപ്പോലെ കരിനിഴൽ വീഴ്ത്തിക്കുന്നു. ഇടവഴി വളഞ്ഞുപുളഞ്ഞു പോവുകയാണ്. ഇടവഴിയുടെ അറ്റം കുറിക്കുമാറൊരു പുമുഖഗേറ്റ് കണ്ണിൽപ്പെട്ടു. അല്പം ആശ്വാസം തോന്നി. അതാണെന്റെവീട് പ്രഭപറഞ്ഞു. പ്രഭ സാവധാനം ഗേറ്റ് തുറന്നു. ഒരു കൊച്ചു വീടിന്റെ അങ്കണത്തിലേയ്ക്ക് ഇറങ്ങി ചെല്ലുകയാണ്. ജീവിതത്തിൽ ആദ്യമാണ് മറ്റൊരാളുടെ വീട്ടിൽ പോകുന്നത്. ഒതുക്കുകൾ ചവിട്ടിക്കയറി പൂമുഖത്തെത്തി. പ്രഭ ഉമ്മറത്തെ ഒരു വെള്ളക്കസേല ചൂണ്ടിക്കാട്ടി ഇരിക്കാൻ പറഞ്ഞു. കസേലയിൽ ഇരുന്നുകൊണ്ട് ചുറ്റുംപരതി. ചുമരിലാകെ സുന്ദരങ്ങളായ ചിത്രങ്ങൾതൂങ്ങുന്നു. പലതരം ചിത്രങ്ങൾ. അകത്തുനിന്നും പ്രഭ വേഗംതന്നെ മടങ്ങിവന്നു.

"എന്താ രാജാ എന്റെ മിസിസ്സിനെ കാണേണ്ടേ?" ഒന്നു ചിരിക്കമാത്രം ചെയ്തു. മേശപ്പുറത്തുനിന്നും പ്രഭ സിഗററ്റ് പേക്കറ്റെടുത്ത്പൊക്കി. ഏറെക്കഴിയാതെ വാതിലിൽതൂങ്ങുന്ന വിരികൾതട്ടി നീക്കി ഒരു സ്ത്രീ പുറത്തുവന്ന് കാപ്പിമേശപ്പുറത്തുവെച്ചു. ചുമരിൽ പ്രകാശിക്കുന്ന ബൾബിൽനിന്നും പുറത്തേയ്ക്ക് തെറിക്കുന്ന വെളിച്ചത്തിൽ അവളെ ശ്രദ്ധിച്ചു. തൂവെള്ളസാരിയും ബ്ലൗസും. നേർമ്മയായ സാരിത്തലപ്പ് ഇളകിക്കളിക്കുന്നു. കത്തുന്നബൾബിന്റെ നീലപ്രകാശം അവളുടെ കണ്ണുകളിൽതട്ടി പ്രകാശിക്കുന്നു. പരിചയമുള്ള മുഖംതന്നെ. പക്ഷെ ആളെതിരിച്ചറിഞ്ഞില്ല. ഉടനെത്തന്നെ അവൾ അകത്തേയ്ക്ക് മറഞ്ഞു. അവൾ തിരിഞ്ഞുപോകുമ്പോഴും അവളെത്തന്നെ ശ്രദ്ധിച്ചു. പരിചയമുള്ള നടത്തം. അവളെത്തന്നെ ഉറ്റുനോക്കിക്കൊണ്ടിരുന്നപ്പോൾ പ്രഭതിരക്കി, "എന്താരാജാ എങ്ങനെ? ഇതാണെന്റെമിസിസ്സ് പേര് വിജയം." വിജയം! പരിചയമുള്ള ശബ്ദം. ഇതെല്ലാം വെറും സ്വപ്നമാണോ എന്നൊരുതോന്നൽ. അതെ പഴയ വിജയം തന്നെ. ധിക്കാരിയായ വിജയം. കാലിന്റെ പെരുവിരൽ നിലത്തൂന്നി സിഗററ്റ് പാക്കറ്റ് തുറന്ന് ഒന്നെടുത്ത് തീകൊളുത്തി പുക അലക്ഷ്യഭാവത്തിൽ മുകളിലോട്ടൂതി. പെട്ടെന്നെഴുന്നേറ്റു, "അപ്പോൾ പ്രഭേ ഞാനിറങ്ങട്ടെ, പിന്നെ അടുത്തഞായറാഴ്ചയാണെന്റെ മേര്യേജ്. പ്രഭ വരണം മിസിസ്സിനേയും കൂട്ടണം. പിന്നെ പ്രഭേ ഞാൻ മേര്യേജ് ചെയ്യുന്നതൊരു ലേഡിഡോക്ടറെയാണ്."

യാത്രപറഞ്ഞ് പടിവിട്ടിറങ്ങി. അയാൾ ആകാശത്തിലേയ്ക്ക് നോക്കി. തെളിഞ്ഞ ആകാശം ഇന്ദ്രനീലംപോലെ ശോഭിക്കുന്നു. അതിൽ തെരുതെരെ കണ്ണുചിമ്മുന്ന താരങ്ങൾ. സുന്ദരമായവെണ്ണിലാവ്. ഇടവഴിയിലൂടെ അതിവേഗം നടന്നകലുമ്പോൾ വഴിയരികിലെ മരങ്ങളിൽ മഞ്ഞിൻകണങ്ങൾ തൂങ്ങിവീണു. കാലുകൾ ലക്ഷ്യസ്ഥാനത്തെ ലാക്കാക്കി കുതിക്കുകയാണ്. ആ ഏഴിലംപാലയുടെ ചുവട്ടിലെത്തണം. അവിടെയെത്തിയാൽ ഉച്ചത്തിൽ പറയണം "ഞാൻ ജയിച്ചു" എന്ന്. ആ ഏഴിലംപാലയെ തന്റെ വിജയവാർത്ത അറിയിക്കണം. നടന്നകലുന്ന അയാളെനോക്കി അടുത്തുള്ള പറമ്പുകളിലെ ഒടിഞ്ഞുതൂങ്ങിയ വാഴയിലകൾ സ്വാഗതംചെയ്തു. അയാൾ ധൃതിയിൽനടന്നു. ഒടുവിൽ ആ ഏഴിലംപാലയുടെ ചുവട്ടിൽ അയാൾ എത്തി. അതിന്റെ ചുവട്ടിൽ കുറെനേരമിരുന്നു. തന്റെവിജയം ഈ ലോകം മുഴുവനും അറിയിക്കുവാനയാളാഗ്രഹിച്ചു. നാളെ തന്റെ വിജയവാർത്തയുമായി ഒരു പുതിയ ദിവസം വരാൻ പോവുകയാണ്. ആനന്ദംകൊണ്ടയാൾ തുള്ളിച്ചാടി. പാലച്ചുവട്ടിലിരിക്കുന്ന അയാളുടെ വിജയത്തിൽ അനുമോദിക്കാൻ പാല ഒരു പിടി പുത്തൻ പൂവുകൾ വർഷിച്ചു. ആ പാലപ്പൂവിന്റെ സുഗന്ധം അയാളെ പുഷ്പമാല്യങ്ങളർപ്പിച്ചു. അയാൾ ആകാശത്തിലേയ്ക്ക് വീണ്ടും വീണ്ടും നോക്കി. നേർത്തനിലാവിലും ചന്ദ്രക്കല പൊട്ടിച്ചിരിക്കുകയാണെന്നയാൾക്ക് തോന്നി.

# Ghost

**Mohammed Kutty, P.**
**II B. Sc., Chemisrty**

FOR some days it was an usual incident that a figure was appearing near our hostel during midnight. Most of the inmates had no courage to find out the truth about this. Even those who had no belief in the existence of ghosts or witches, were afraid to come out of their rooms when they heard the voice of this creature. It was making a dreadful noise and many of us feared that the membranes of our ears would break, for such was this screeching sound. Our warden was the first coward in this matter. When he heard the sound, he would wake up and make sure that the doors and windows were already barred and bolted. Then he would put off the light and pray to God to save him.

During day time everyone would be discussing this matter with another and some of them would boast that they would unravel the mystery of the night. But they were having no real courage but only bravado. During night they would lock their rooms from inside and would recite some manthras to the Alnighty to save them from the blood thirsty stomach of the ghost. Everyone was of the opinion that it was the ghost of someone or other. This was going on for two or three days.

It was a full moon night. The earth was covered with the milky light of the smiling moon. And it was about 2 O' clock in the night. I was coming after the second show with some of my friends. We had forgotten about this mysterious creature. When we reached the gates of our hostel, we heard the sound; we began to tremble. At last some of us decided to face it. But many of my friends did not have the courage to do so. They began to run away clinging to their lives with all their might and main.

One of my friends and I gathered some sticks and bars from the ground and entered our hostel quadrangle. But there was no one in the compound. All the inmates were sleeping. (not sure, because they would be sitting in their rooms holding their breath.) There was complete silence. Then came the sound again followed by the barking of the dogs. We looked around. Then we saw the figure. It was a horifying figure. We moved towards it. It was hiding behind a bush Silently as a cat, we walked towards it making sure all the time that it would not see us. When we reached the other side of the bush behind which the creature was hiding, my friend gave a deathblow with a stick. The creature cried out. We also cried out automatically. We were dismayed. Then there was confusion. The dogs were barking and people howling like wolves. Some of my friends came out and reached there. They all cried out, "ghost, ghost, don't let it go......" The figure was screaming with pain. It was the sound of a man. I removed the blanket with which he had covered his body completely. It was a very horrifying scene. We could not believe our eyes. We gazed at each other with disgust. It was the play-actor who was living in a lodge near our hostel.

We asked why he had done so. He said with pain: "I was rehearsing the role of a ghost in the drama which is to be staged next week". He was massaging his body. We did not know whether to laugh or not. We thanked God that we did not kill him. He was safe even though he got a great blow. That night was very fine to us and we slept peacefully.

**

# മനസ്സെന്ന വേഴാമ്പൽ

*ബി. മഹമൂദ് (മാട്ടൂൽ), II-B. Sc.*

ഡൺലപ്പ്മെത്തയിൽ ചരിഞ്ഞുകിടന്നപ്പോൾ സുഖകരമായ ഒരു മയക്കത്തിൽനിന്നും വൈമനസ്യത്തോടെ ഞെട്ടിയുണർന്നു. മയക്കത്തിന്റെ ആലസ്യം വിട്ടുമാറാൻ നിമിഷങ്ങൾ വേണ്ടിവന്നു. പരിസരബോധം തിരിച്ചുകിട്ടിയപ്പോൾ ഓർത്തു, വീണ്ടും തുടങ്ങുന്നു, വെറുക്കപ്പെടേണ്ട ഒരു ദിവസം. വിരസമായ ഒരു പകൽകൂടി തള്ളിനീക്കുക; വിധി? വിധി എന്നും കൈപ്പുനീരേ കുടിച്ചിട്ടുള്ളൂ, കുടിപ്പിക്കുന്നുള്ളൂ. വിധി എന്ന് പറഞ്ഞാൽതന്നെ അതാണല്ലോ കയ്പ്പ്നീർ. മുന്തിരിച്ചാർ മോന്താനൊന്നും ആഗ്രഹിച്ചിരുന്നില്ല. പക്ഷെ സമാധാനത്തോടെ ഒരു ദിവസം, ഒരു പകൽ, വേണ്ട, ഒരു നിമിഷമെങ്കിലും......ഈശ്വരാ, ഈ തലയിലെ കടന്നൽകൂത്തൊന്ന് നിന്നെങ്കിൽ! ഈ അസ്വസ്ഥതയിൽനിന്നൊന്ന് വിമുക്തികിട്ടിയെങ്കിൽ!

അസ്വസ്ഥതയിൽനിന്നുയിർകൊള്ളുന്ന ഒരേയൊരു വികാരം വെറുപ്പാണെന്നോർത്തു. വെറുപ്പ് മാത്രം. വെറുപ്പ് തിരമാലകൾക്ക് മുകളിലെ നുരപോലെ പതഞ്ഞുപൊങ്ങുന്നു. പെട്ടെന്ന്—

രവിയേട്ടന്റെകൂടെ കടൽപുറത്തിരുന്ന് കരയെ വാരിപ്പുണരുന്നതിരമാലകളെയും, തിരമാലകൾക്ക് മുകളിൽ നുരഞ്ഞുപൊന്തുന്ന പതയേയും കണ്ടാസ്വദിക്കുന്നതോർത്തു. ഹൃദയത്തിന്റെ അന്തരാളത്തിൽ ഒരു തേങ്ങൽ രൂപംകൊള്ളുന്നുണ്ടെന്ന് മനസ്സിലായപ്പോൾ, അത് തിരമാലയെപ്പോലെ പൊട്ടിച്ചിതറുന്നതിനെ ഭയപ്പെട്ടു. ശ്രദ്ധ വ്യതിചലിപ്പിക്കാൻ എന്തെല്ലാം പാടുപെടുന്നു. ആ ശ്രമം പരാജയമടയുമ്പോൾ വിദ്വേഷം നുരഞ്ഞുപൊന്തുന്നു. എല്ലാത്തിനോടും, ലോകത്തിലെ ഓരോ അണുവിനോടും വിദ്വേഷം. മരുന്നിന്റെ മടുപ്പിക്കുന്ന മണം വിട്ടുമാറാത്ത ഈ അന്തരീക്ഷത്തോട്, കിടക്കയോട്, തന്നോട്, പിന്നെ......പിന്നെ......

അടിവയററിൽ കൈ പതിഞ്ഞപ്പോൾ മെല്ലെ ഞെട്ടി. ഉള്ളിന്റെയുള്ളിൽ ചലനമനുഭവപ്പെടുന്ന അടിവയർ. ബാഹ്യലോകം കാണാനുള്ള ബദ്ധപ്പാടിൽ ജീവന്റെ തുടിപ്പ് വ്യഗ്രതകാട്ടുന്നു? മനസ്സിനെ മടുപ്പിക്കുന്ന കാര്യങ്ങളോർക്കുമ്പോൾ വെറുപ്പ് ഉളവാകുന്നു. അന്തമില്ലാത്ത ഈ വിദ്വേഷത്തിന്നിടയിലും ഒരാഗ്രഹം മെല്ലെ തലപൊക്കുന്നുണ്ടോ? ആണോ, പെണ്ണോ......വേണ്ട, വേണ്ട. ഓ, ഈശ്വരാ. ഇങ്ങിനെയിട്ട് ചതക്കുവാൻ മാത്രം തെററ്......

"കമലം".

"ങ്ഹേ, ആര്?" ഓ, നേഴ്സ്. പാൽപ്പുഞ്ചിരിതൂകുന്ന നേഴ്സ്. അതുപോലെ മനോഹരമായി പുഞ്ചിരിക്കാൻ കഴിഞ്ഞെങ്കിലെന്നാഗ്രഹിച്ചുപോയി. തനിക്കെന്നെന്നേക്കുമായി നിഷേധിക്കപ്പെട്ടതാണെന്ന് അടുത്ത നിമിഷത്തിലോർത്തു.

കമലം, എങ്ങിനെയിരിക്കുന്നു?"

ഒന്നും പറഞ്ഞില്ല. വെറുതെയിരുന്നു. നേഴ്സ് പമ്പരംപോലെ കറങ്ങുന്ന എന്റെ മനസ്സിനെ ഒന്നാശ്വസിപ്പിക്കാമോ നേഴ്സ്? എന്നെ ഒന്നാക്കാമോ നേഴ്സ്? എന്നെന്നേക്കുമായി. എങ്കിൽ..... "നേഴ്സ്".

"എന്താ കാര്യം?"

"ഓ, ഒന്നുമില്ല"—അത്ഭുതമൂറുന്ന മിഴികളുമായി നിൽക്കുന്ന നേഴ്സിന്റെ മുഖത്തേക്ക് വാക്കുകൾ തെറിച്ചുവീണു. "ഒന്നുമില്ല ഞാനെന്തോ വിചാരിച്ചുപോയി". മുഖം തിരിച്ചപ്പോൾ നേഴ്സ് നടന്നകന്നു. അപ്പോൾ ഓർത്തു:—

കുസൃതിക്കാരിയും, ചികഞ്ഞുനോക്കുന്നവളുമായ, ഈ നാട്ടുപുറത്തുകാരി ആയിരുന്നു എന്ന് നേഴ്സിനെ താനെത്രയോ ഭാഗം മറയായി ആക്കിയിരിക്കുന്നു. തന്റെ ഹൃദയത്തിന്റെ ഒരു ചെറിയ കോണിലെങ്കിലും ഇളകിമറിയുന്ന ഒരൊറ്റ വിചാരധാരയെങ്കിലും ഒപ്പിയെടുക്കാൻ ഇവർക്ക് കഴിഞ്ഞോ? തന്നെ ആരും മനസ്സിലാക്കിയിട്ടില്ല. രവിയേട്ടനൊഴികെ. രവിയേട്ടൻ ഒരിക്കൽ പറഞ്ഞതോർത്തു—

"പെണ്ണേ, സാഹിത്യകാരന്മാർ പറയുന്നു, സ്ത്രീമനസ്സിനെ പഠിക്കുന്നതിൽ ആരും ഇതുവരെ വിജയിച്ചിട്ടില്ലെന്ന്. പക്ഷെ ഞാൻ വിജയിച്ചിരിക്കുന്നു. നിന്നെ ഞാൻ പൂർണ്ണമായും മനസ്സിലാക്കിയിരിക്കുന്നു." ശരിയായിരുന്നു അത്. രവിയേട്ടൻ തന്റെ ഓരോ അണുവും അപഗ്രഥിച്ചു പഠിച്ചിരുന്നു. കാരണം, തന്റെ ഓരോ അണുവിലും രവിയേട്ടനുണ്ടായിരുന്നു.

—അസ്വസ്ഥമായ ഗൃഹജീവിതത്താൽ വഷളാക്കപ്പെട്ട രവിയേട്ടനെന്ന 'ജീനിയസ്' ഒരേകാന്തജീവിയായിരുന്നു. ദുഃഖം കനംതൂങ്ങുന്ന മുഖം. ശ്രദ്ധിക്കാതെ അലസമായിട്ട തലമുടി. എന്നാൽ ശ്രദ്ധയോടെയുള്ള വസ്ത്രധാരണം. മൂക്കിനുതാഴെ തടിച്ച മീശയില്ലെങ്കിൽ അത് രവിയേട്ടനല്ല.

എന്നും വഴക്കും വക്കാണവുമുള്ള വീട് രവിയേട്ടനെ വീർപ്പുമുട്ടിച്ചിരുന്നു. ജോലിയൊന്നും ചെയ്യാതെ, തറവാട്ടുവക ഭാഗത്തിൽ കിട്ടിയ പറമ്പിലെ തെങ്ങിന്മേലുള്ള കുലയുടെ എണ്ണവും വണ്ണവും നോക്കിനടക്കുന്ന അലസനായ അച്ഛൻ. അച്ഛന്റെ വിപരീതമായി വിങ്ങിപ്പൊട്ടിക്കഴിയുന്ന അമ്മ, മക്കളെന്നോ കുടുംബമെന്നോ കേൾക്കുമ്പോൾ ചീറ്റാൻ മാത്രമറിയാം അച്ഛന്. അമ്മയ്ക്ക് മക്കളെ സ്നേഹിക്കാനും. തന്റെ അച്ഛൻ രവിയേട്ടന്റെ അച്ഛനെപ്പറ്റി എപ്പോഴും പറയാറുള്ളതോർത്തു. "അവനവന്റെ അളിയനായിട്ടെന്താ, വ്യവഹാരം പറയാൻ പോയിട്ട്, കള്ളും കുടിച്ച് മടങ്ങിവന്നവനാ അവൻ". അങ്ങനെയുള്ള മനുഷ്യൻ തന്റെ മകന്റെ പഠിത്തം നിഷേധിച്ചപ്പോൾ—അന്നാണ് രവിയേട്ടൻ കരയുന്നത് ആദ്യമായി കണ്ടത്. ആരെയും കൂസാത്ത ഇത്ര വാശിയുള്ള മനുഷ്യൻ പൊട്ടിക്കരയുക, ഹൃദയഭേദകമായിരുന്നു ആ കാഴ്ച.

"എന്നെ പഠിപ്പിക്കാൻ കഴിയില്ലെങ്കിൽ അത് തുറന്നുപറഞ്ഞാൽ മതിയല്ലോ. ഇത്... ഇത് വേണ്ടിയിരുന്നില്ല."

ആദ്യം എന്ത് വാചാലതയായിരുന്നു രവിയേട്ടന്! സൂര്യന് കീഴിലുള്ള ഒരൊറ്റ വസ്തുവിനെയും വെറുതെ വിടില്ല. എല്ലാത്തിനെപ്പറ്റിയും അഭിപ്രായം പറയും; വിമർശിക്കും. അതുപോലെതന്നെ വായനയും. ഒരിക്കലും വെറുതെ അടങ്ങിയിരിക്കില്ല. എപ്പോഴും എന്തെങ്കിലും വായിച്ചുകൊണ്ടിരിക്കണം. കിട്ടാവുന്ന മിക്ക ഗ്രന്ഥങ്ങളും വായിച്ചുതള്ളിയിട്ടുണ്ടാകും. ഹെമിംഗ്വേ, സാർത്രെ, കാമു, റസ്സൽ, ജെയിംസ് ജോയിസ്, കാഫ്ക, ഇലിയട്ട്, ഹെസ്സർ. എത്രയെത്ര ഗ്രന്ഥങ്ങൾ.

"മണ്ടിപ്പെണ്ണേ, വായിക്കൂ, പഠിക്കൂ. എന്നിട്ട് എന്ത് വേണമെങ്കിലും ആയിക്കൊള്ളൂ. എന്നാലേ എന്തെങ്കിലും ചെയ്യാനും എന്തെങ്കിലുമൊക്കെ ആകാനും ഒക്കൂ".

എപ്പോഴും പറയാറുള്ളതാണ്.

"മിക്കവാറും എല്ലാ പുസ്തകങ്ങളും ഞാൻ വായിച്ചിട്ടുണ്ട്. പക്ഷെ ഞാൻ കണ്ട പ്രഭാതങ്ങൾ വിരലിലെണ്ണാവുന്നത് മാത്രം."—എന്നും 8 മണിക്കേ ഉണരൂ. പിന്നെ രാത്രി 2 മണി വരെ കണ്ണുപറിച്ചെടുക്കാത്ത വായനയാണ്. അതുകൊണ്ട് ഗുണവുമുണ്ടായി. ബി. എസ്സ് ക്ലാസ് കിട്ടിയപ്പോൾ, പ്രിൻസിപ്പലും, പ്രൊഫസേഴ്സും ഒന്നിച്ചഭിനന്ദിച്ചു. രവിയേട്ടൻ കോളേജ് വിട്ടപ്പോൾ, താൻ ബി. എസ്സിയ്ക്ക് ഫസ്റ്റിയറായിരുന്നു. രവിയേട്ടൻ അനായാസ

മായി വായിച്ചുതള്ളിയ ബുക്കുകൾ നിർബന്ധപൂർവ്വം വായിക്കേണ്ടിവന്നപ്പോഴാണ് അദ്ദേഹത്തോടുള്ള മതിപ്പുവർദ്ധിച്ചത്. എന്ത് മനുഷ്യൻ!!!

പക്ഷെ—

—ഫസ്റ്റ് ക്ലാസ്സുമായി വീട്ടിൽ ചെന്നപ്പോഴോ ?

എന്ത് വിററും, എങ്ങിനെയും തുടർന്ന് പഠിക്കണമെന്ന വാശിയുമായി മുമ്പിൽ നിൽക്കുന്ന മകൻ. പഠിക്കുന്നതിന്നായി ഒരൊററ ചില്ലിക്കാശുപോലും തരില്ലെന്ന് വാശിപിടിക്കുന്ന അച്ഛൻ. കത്തുന്ന മെഴുകുതിരിപോലെ ഉരുകിക്കഴിയുന്ന അമ്മ. വഴക്ക്. വക്കാണം. അവസാനം പിതാവിൻെറ നിഷേധത്തിന് മുമ്പിൽ കൊച്ചുകുട്ടിയേപ്പോലെ പൊട്ടിക്കരഞ്ഞു. നിസ്സഹായതയിൽനിന്നുള്ള കരച്ചിൽ. അതിൽനിന്നുയിർകൊണ്ട വെറുപ്പ്. പണക്കാരനായ അമ്മാവനോട് വെറുപ്പ്. അലസനായ അച്ഛനോട് വെറുപ്പ്, ആഭരണങ്ങൾ വിററും, ഭാഗിച്ചുകിട്ടിയ സ്വത്ത് വിററും ബി. എ. വരെ പഠിപ്പിച്ചു, കരയാൻ മാത്രമറിയാവുന്ന അമ്മയോട് വെറുപ്പ്.

ഒടുവിൽ, വാശിയായിരുന്നു. എങ്ങിനെയെങ്കിലും പഠിച്ചുമിടുക്കനായി സ്വന്തം കാലിൽ നിൽക്കാനുള്ള വാശി. അങ്ങിനെയാണ് നാടുവിട്ടുപോയത്. ചുവന്നുകലങ്ങിയ കുറെ കണ്ണുകളിൽ നീർപൊടിയിച്ചുകൊണ്ട്, ബി. എ. പാസ്സായ സർട്ടിഫിക്കറ്റിൻെറ അകമ്പടിയോടെ പടിയിറങ്ങുമ്പോൾ, ചുണ്ടുകൾ കടിച്ചമർത്തി വിക്കി. "എൻെറ സ്വന്തം കാലിൽ നിൽക്കാറായാൽ, എൻെറ സ്വന്തം ചിലവിൽ അമ്മയെപ്പോററാൻ പ്രാപ്തിയെത്തിയാൽ ഞാൻ മടങ്ങിവരും. "അവസാനം, രണ്ട് വർഷത്തിനു ശേഷമാണ് വിവരമറിയുന്നത്. ഈ രണ്ട് വർഷവും കത്തയക്കാതിരിക്കാൻ പ്രചോദിപ്പിച്ച വികാരം എന്തായിരുന്നു? അറിയില്ല, വാശി? എന്തായാലും ആദ്യമായും അവസാനമായും കത്തയച്ചത് തനിക്കാണ്. രണ്ട് വാചകം മാത്രം.

“എം. എ പാസ്സായി. കോളേജിൽതന്നെ ജോലിയും കിട്ടി.” മറുപടി അയക്കാൻ തിടുക്കമായിരുന്നു. എല്ലാം തുറന്ന് പറയാനും. പക്ഷെ അഡ്രസ്സില്ലായിരുന്നു. അതുകൊണ്ട് വേഴാമ്പലിനെപ്പോലെ കാത്തിരുന്നു.

ഒടുവിൽ—

വീട്ടിലേക്ക് വന്നത് പെങ്ങളുടെ കല്യാണത്തിന്നാണ്. ആരും എഴുതിയിരുന്നില്ല. എങ്ങിനെയോ അറിഞ്ഞു. വന്നു. പെങ്ങളെ അത്രക്ക് ഇഷ്ടമായിരുന്നു. കാണാൻ കൊതിച്ച കണ്ണുകൾ വെമ്പി. എന്ത് മാററം വന്നിരിക്കുന്നു. കുറെക്കൂടി ഉയരവും വണ്ണവും വെച്ചിരിക്കുന്നു. എല്ലാ ബന്ധങ്ങളും അറുത്ത് മുറിച്ചതുപോലുള്ള ഗൗരവം നിറഞ്ഞ സംസാരം. പക്ഷെ മുഖത്തെ ആ വിഷാദം. ആ ഭാവം മാറില്ലേ ?

അമ്മ കെട്ടിപ്പിടിച്ചുകരഞ്ഞു. മരംപോലെനിന്നു കൊടുത്തു. അച്ഛൻ മിണ്ടിയില്ല. അങ്ങോട്ടും. അമ്മാവനായ തൻെറ അച്ഛനോട് ആവശ്യത്തിന് മാത്രം സംസാരിച്ചു. പെങ്ങളുടെ മുമ്പിൽ മാത്രമാണ് വാചാലനായത്. "കരയാതെടി മണ്ടി, നിൻെറ കല്യാണം കാണാൻവേണ്ടി മാത്രമല്ലേ ഈ ചേട്ടനിങ്ങ് ഓടി വന്നത്?" തിളങ്ങുന്നൊരു മാലയും, വിലപിടിച്ചൊരു ജോർജ്ജററ് സാരിയും പെങ്ങൾക്ക് കൊടുക്കുന്നത് കണ്ടു.

"രവിയേട്ടാ"

"ഉം ?"

“രവിയേട്ടൻ തടിച്ചിരിക്കുന്നു.”

“ക്ഷമിച്ചുകളപെണ്ണേ”. അവശ്യത്തിന് മാത്രമുള്ള സംസാരം. നിർവ്വികാരമായ രൂപം. തനിക്കും രവിയേട്ടനുംമദ്ധ്യേ വലിയൊരു മതിൽക്കെട്ടുയരുന്നത്പോലെതോന്നി. വീട്ടിലേക്ക് ക്ഷണിച്ചപ്പോൾ വന്നില്ല.

പിറേറന്ന് സൂട്ട്കേസും തൂക്കിപ്പിടിച്ച് പടിയിറങ്ങുന്നത് കണ്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. ആ വലിയ മനുഷ്യൻെറ മുമ്പിൽ താനൊരു ചെറിയ ബിന്ദുവാണെന്ന്തോന്നി. അമ്മയും പെങ്ങളും തേങ്ങി. അച്ഛൻ മുഖം തിരിച്ചു. അമ്മാവൻ കണ്ണുകളൊപ്പി. എന്നിട്ടും നിന്നില്ല. തലയുയർത്തിപ്പിടിച്ച്, വലത്കയ്യിൽ സൂട്ട്കേസും, ഇടത്കൈ പാൻസിൻെറ പോക്കറ്റിലുമായി ആരേയും കൂസാതെയുള്ള ആ നടത്തം നോക്കിനിന്നു. പിന്നെ മെല്ലെ പിറുന്നോ. എവിടെ വേണമെങ്കിലും പോകാം. അങ്ങ്, ചക്രവാളത്തോളം.....

വഴിക്ക്‌വെച്ച് പെങ്ങളുടെ ഭർത്താവിനെ കണ്ടപ്പോൾ ഒരു ജീവിതകാലം മുഴുവൻ ഒന്നിച്ച് കഴിഞ്ഞ പരിചയംകാണിച്ചു. കൈപിടിച്ചുകൊണ്ട് പറയുന്നതുകേട്ടു-"എന്റെ പെങ്ങളുടെ കണ്ണുകൾ നിറയുന്നതെനിക്കിഷ്ടമല്ല. അതുകൊണ്ട് ..." മുഴുവനാക്കിയില്ല. ചുണ്ടുകൾ പിളർത്തി മെല്ലെ ചിരിച്ചു. കാലുകൾ നീട്ടിവെച്ച് നടന്നു.

വീതിയുള്ള വരമ്പിന്റെ നടുവിൽ, തന്റെ വീട്ടിലേക്കുള്ള വഴിയെത്തിയപ്പോൾ, മുഴുവൻ ശക്തിയും സംഭരിച്ചുകൊണ്ട് വിളിച്ചു. "രവിയേട്ടാ...." പെട്ടെന്ന് തിരിഞ്ഞുനിന്നു. ഒരു നിമിഷം. കണ്ണുകൾ തമ്മിലിടഞ്ഞു. "വീട്ടിലേക്ക്‌പോകാം." ഉത്തരമുണ്ടായില്ല. നിർവ്വികാരനായി ചിരിച്ചു. "പോകുകയാണോ ?" കയ്യിലിരുന്ന സൂട്ട്കേസിലേക്ക് നോക്കുന്നത് കണ്ടു. പെട്ടെന്ന് ദ്വേഷ്യമാണ് തോന്നിയത്. ഒപ്പം കണ്ണുകൾ നിറയുകയുംചെയ്തു. ഈ മനുഷ്യൻ തന്നോടൊരു വാക്ക് മിണ്ടിയെങ്കിൽ, താനിങ്ങനെ വിങ്ങിപ്പൊട്ടില്ലായിരുന്നു, ഇത്രയധികം ദുഃഖംപേറില്ലായിരുന്നു.

"ന്റുള്ളോ, ഇക്ക്‌ബയ്യേ....ഇന്ന കൊല്ലല്ലേ". പെട്ടെന്ന് ഞെട്ടിപ്പോയി. പരിസരബോധം വന്നപ്പോൾ ചിരിയാണ് വന്നത്. പത്തൊൺപത് വയസ്സ് പ്രായമുള്ള 8-ാംനമ്പറിലെ 'പൂക്കാക്ക'യാണ്. ഒരിഞ്ചക്ഷനെടുക്കുന്നതിന് ഇങ്ങനെ നിലവിളിക്കണോ.

-പോയിട്ട് ഒരു ദിവസംപോലും കഴിയുന്നതിന് മുമ്പാണാ ടെലഗ്രാം കിട്ടിയത്. കൊച്ചിയിൽനിന്ന് ഒരു സ്നേഹിതന്റെ കാറിൽ ഒരുമിച്ചാണ് മദ്രാസിലേക്ക് പോയത്. വഴിക്ക്‌വെച്ച് ഒരാക്സിഡന്റുണ്ടായി. തലച്ചോറ് ചിതറിത്തെറിച്ചുപോയെന്നാണ് മടങ്ങിവന്നപ്പോൾ അച്ഛൻ പറഞ്ഞത്. അത്‌കേട്ടപ്പോൾ അനാഥമായ മനസ്സ് തേങ്ങി. "എന്റെ.... എന്റെ രവിയേട്ടൻ". അർദ്ധബോധാവസ്ഥയിലായിരുന്നു അതിന്‌ശേഷം. ആരെയും കൂസാത്ത ആ മുഖം ചിതറിത്തെറിക്കുക. ഓർക്കുമ്പോഴെല്ലാം ഞെട്ടിത്തെറിക്കുന്നു. ഭയം നിറഞ്ഞ രാത്രികൾ....വിരസമായ പകലുകൾ....തേരട്ടയെപ്പോലെ ഇഴയുന്ന ജീവിതം.

"കമലം".

"ങ്‌ഹേ,"—നേഴ്‌സ്, ആയിച്ചു.

"ദാ, ഈ മരുന്ന് കഴിക്കൂ. അല്പം കഴിഞ്ഞ് ഡോക്ടർവരും. എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറഞ്ഞോളണം."

"എനിക്കെന്തുപറയാൻ ?"

"ഓപ്പറേഷൻ വേണ്ടിവരുമെന്നാണ് ഡോക്ടർ പറഞ്ഞത്."

"ഓപ്പറേഷൻ പുച്ഛംതോന്നി. തനിക്കാവശ്യമില്ലാത്ത ഒരു കുഞ്ഞിനെ പുറത്തെടുക്കാനും സംരക്ഷിക്കാനും ഇവരെന്തിനിത്ര ഉൽസാഹവും ആവേശവും കാണിക്കുന്നു ? കുഞ്ഞ് ഉള്ളിൽനിന്ന് 'തടിച്ചു'പോയത്രേ. തടിച്ചെങ്കിൽ അതവിടെത്തന്നെ കിടക്കട്ടെ. അവിടെകിടന്ന് നശിക്കട്ടെ. ഒപ്പം ജീവരക്തം ഊറ്റിക്കൊടുത്ത താനും.

അടിവയറ്റിൽനിന്ന് നേരിയൊരു വേദന അരിച്ചരിച്ച് മേലോട്ട് കയറുന്നതനുഭവപ്പെട്ടപ്പോൾ പുളഞ്ഞുപോയി. ആ പുളച്ചിലിനിടയിൽ അടുത്തടുത്ത്‌വരുന്ന ഷൂസിന്റെ ശബ്ദംകേട്ടപ്പോൾ ഞെട്ടിവിറച്ചു. തിരിഞ്ഞുകിടന്നു. ശബ്ദം. മലർന്ന്‌കിടന്നു. മേലെ അനുസ്യൂതം കറങ്ങിക്കൊണ്ടിരിക്കുന്ന സീലിങ്‌ഫാൻ മനസ്സിനെ അസ്വസ്ഥമാക്കുന്നു. അവസാനം പേടിച്ചരണ്ട്, ചരിഞ്ഞ്, കിടക്കയോടൊട്ടിപ്പിടിച്ച് നിലത്തേക്ക്‌നോക്കിക്കിടന്നു. ഭയം...ഭയംകൊണ്ട് ചുരുങ്ങിച്ചുരുങ്ങി ഒരു ബിന്ദുവാകുകയാണെന്ന്‌തോന്നി. നിലത്തുനിന്ന് കണ്ണ്‌പറിക്കാൻ ഭയം. അടുത്തടുത്ത്‌വരുന്ന ഷൂസിന്റെ ശബ്ദം. പെട്ടെന്ന്. താഴെ നിലത്ത്, കൺമുമ്പിൽ, കറുത്ത് മിനുങ്ങുന്ന ഷൂസ് കണ്ടപ്പോൾ ഞെട്ടി കണ്ണുകളിറുക്കിയടച്ചു. അബോധാവസ്ഥയിലേക്ക് വീഴുമ്പോഴുള്ള നിശ്ചലതയിൽ നിലവിളിച്ചു. "എനിക്ക് വയ്യ...എനിക്ക് വയ്യ".

"കമലം".

അടഞ്ഞ കൺപീലികൾ മെല്ലെ വിടർന്നു കണ്ടപ്പോൾ ചിരിക്കുന്ന ഡോക്ടർ. "എന്താ കമലം, എന്തേ നിലവിളിച്ചത് ?" വരണ്ട ചുണ്ടുകൾ വലിച്ചുനീട്ടി. വല്ലാതെ വിയർക്കുന്നുണ്ടായിരുന്നു, ഒന്നും പറഞ്ഞില്ല.

അല്പനേരം എന്തോ ചിന്തിച്ച്‌നിന്നിട്ട്, ഡോക്ടർ, മെല്ലെ, ശബ്ദമുണ്ടാക്കാതെ നടന്നക

നാപ്പോൾ കണ്ണുകളിറുക്കിയടച്ചു. കാറ്റൊഴിഞ്ഞ വീശുന്ന ഫാനിന്റെ നേർത്ത ശബ്ദത്തിനിടക്ക് ഭയം നീരാളിയെപ്പോലെ തന്നെ വരിച്ചുമുറുക്കുന്നുണ്ടെന്ന് തോന്നി.

ഇപ്പോൾ എല്ലാം ഓർക്കാൻ കഴിയുന്നു. തന്റെ ബലഹീനതയെക്കുറിച്ച്, വിശ്വാസത്തെക്കുറിച്ച്.

—'ആനുവൽ എക്സാം' കഴിഞ്ഞ് കോളേജടച്ച ദിവസം. ഒരു സന്ധ്യയിലെ അരണ്ട വെളിച്ചത്തിൽ ഹോസ്റ്റലിൽനിന്നും വീട്ടിലേക്കിറങ്ങിപ്പുറപ്പെട്ട കമലം എന്ന സ്വപ്നസഞ്ചാരിണിയായ യുവതി. നഷ്ടപ്പെട്ട ഒരു വസന്തത്തെക്കുറിച്ച് ഓർത്തുഖിന്നയായിരുന്ന അവളുടെ മനസ്സിൽ രവിയേട്ടനെന്ന വേദന വിതുമ്പിക്കൊണ്ടിരുന്നു. കുറെ ദിവസത്തേക്ക്, വിസ്മൃതിയുടെ നീർച്ചുഴിയിലേക്ക് വലിച്ചെറിയപ്പെട്ട രവിയേട്ടന്റെ ഓർമ്മ തന്നിൽനിന്നകന്നു നിന്നിരുന്നു. പക്ഷെ കോളേജിലെ അവസാന ദിവസമായ അന്ന്, ജന്തുശാസ്ത്രം പഠിപ്പിക്കുന്ന പ്രൊഫസർ അയ്യർ വിളിച്ചുകൂട്ടിയ "ലാസ്റ്റ്മീറ്റി"ൽ അദ്ദേഹം സംസാരിക്കുന്നത് കേട്ടപ്പോൾ രവിയേട്ടനെന്ന ദുഃഖം ഓടിയെത്തി. "...ഒരു മനുഷ്യന്റെ ഓരോ ചലനവും സൂക്ഷ്മമായി പഠിച്ചാൽ ഒരു വിദഗ്ദ്ധമായ കൈയുടെ അനന്തമായ സൃഷ്ടിപാടവത്തെക്കുറിച്ച് മനസ്സിലാകും. കുറെതരം കെമിക്കൽ എലിമെന്റ്സ് ഒന്നിച്ചു കൂടിച്ചേരുമ്പോഴുണ്ടാകുന്ന ഈ മനുഷ്യന്, എങ്ങിനെ പലതരം വികാരങ്ങളും വിചാരങ്ങളും ഉണ്ടാകുന്നു, എന്നത്തന്നെ ഒരുത്തമ ദൃഷ്ടാന്തമാണ്. സുജൂദ് ചെയ്യുന്നവനും, മുട്ടുകുത്തി നിൽക്കുന്നവനും, കൈകൂപ്പിത്തൊഴുന്നവനും ഈ ശക്തിയെ എന്ത് വിളിച്ചാലുംകൊള്ളാം. മനുഷ്യന്റെ തലയോട്ടിനകത്തുള്ള തലച്ചോറിനെപ്പറ്റി തന്നെ പറയാം..." അത്രയേ കേട്ടുള്ളു. അപ്പോഴേക്കും ചിതറിത്തെറിച്ച ഒരു മുഖവും തലച്ചോറുമായിരുന്നു മനോമുകുരത്തിൽ, ഒരൊറ്റ ബിന്ദുവിലൂടെ തന്റെ എല്ലാ ചേതനയും ചോർന്ന് പോകുന്നത്പോലെ തോന്നി.

—രാത്രിയുടെ നിശ്ശബ്ദഭീകരതയിൽ ഭയങ്കരമായി ചൂളംവിളിച്ചുകൊണ്ട് കുതിക്കുന്ന വണ്ടിയിലിരുന്നും രവിയേട്ടനെ ഓർത്തു. കോളേജടച്ച് വീട്ടിലേക്ക് പോകുമ്പോഴും പിന്നെ വീണ്ടും കോളേജ് തുറക്കുമ്പോഴും തന്റെകൂടെ രവിയേട്ടനുണ്ടാകുമായിരുന്നു. ഇപ്പോൾ ഈ വണ്ടിയിലിരിക്കുന്ന, ഏക സഹയാത്രികനായ, തിളങ്ങുന്നവസ്ത്രവും നേരിയ മീശയുമുള്ള അപരിചിതനായ, ചെറുപ്പക്കാരനെ അവൾ ഉറ്റുനോക്കി. അയാൾ വെറുമൊരു നിഴൽ മാത്രമായിരുന്നു, അവൾക്ക്. മുഖമില്ലാത്ത വെറുമൊരു നിഴൽ. മുഖം രവിയേട്ടന്റേതായിരുന്നു. ചെറുപ്പക്കാരൻ ചിരിച്ചു നോക്കുന്നതും കൂടെക്കൂടെ ചുണ്ടനക്കുന്നതും കണ്ടു. ചിരിച്ചുനോട്ടം തീരെ പിടിച്ചില്ല. രവിയേട്ടൻ ഇങ്ങിനെയായിരുന്നില്ലല്ലോ.

—കുതിച്ചുപായുന്ന വണ്ടിയിൽ അർദ്ധ സുഷുപ്തിയിൽ മുഴുകിയിരുന്നപ്പോൾ ചെറുപ്പക്കാരൻ സീറ്റ് മാറിയിരിക്കുന്നത് മനസ്സിലാക്കി. മയക്കം കൺപോളകളിൽ കനം തൂങ്ങിയപ്പോൾ മനസ്സിൽകിടന്ന് രവിയേട്ടൻ പുഞ്ചിരിച്ചു. രവിയേട്ടന്റെ സ്വപ്നം.. ?...

അബോധാവസ്ഥയിലേക്ക് തെന്നിത്തെന്നി വീഴുമ്പോഴും അപരിചിതമായ പാതകളിൽകൂടി സഞ്ചരിക്കുമ്പോഴും, വേദനകൊണ്ട് പുളഞ്ഞപ്പോഴും മനസ്സിൽ നിറഞ്ഞുനിന്നത് രവിയേട്ടനായിരുന്നു. രവിയേട്ടന് വേണ്ടി മാത്രം കരുതിവെച്ച എല്ലാം രവിയേട്ടന് നൽകുന്ന ഈ സന്ദർഭത്തിൽ തേങ്ങിപ്പോകരുതെന്നവൾക്ക് നിർബന്ധമുണ്ടായിരുന്നു.

പക്ഷെ, വണ്ടിയിൽനിന്നിറങ്ങുമ്പോൾ, കീഴടക്കപ്പെട്ട എന്ന ബോധം മനസ്സിലേക്കിരച്ചുകയറിയപ്പോൾ, തിളങ്ങുന്ന വസ്ത്രം ധരിച്ച ചെറുപ്പക്കാരനിൽ രവിയേട്ടനെ ദർശിച്ച തന്റെ 'ഇന്നസൻസി'യെക്കുറിച്ചോർത്ത് വേദനതോന്നി. ഒപ്പം നീചനായ ചെറുപ്പക്കാരനോട് അടങ്ങാത്ത വിദ്വേഷവും...

അടിവയറ്റിൽനിന്ന് വേദന ഇരച്ചുകയറുന്നത് തിരിച്ചറിഞ്ഞു. ഇത്രനാളും ഭയപ്പെട്ടത് ഇന്ന്തന്നെ ഉണ്ടാകുമോ. എങ്കിൽ നല്ലത്. കഴിയുന്നത്ര വേഗത്തിൽ അത് പുറത്ത്വരട്ടെ. ആർക്കുംവേണ്ടാത്ത വെറുക്കപ്പെട്ട ഒരു ജീവൻ. തന്റെ രക്തംമുഴുവൻ ഊറ്റിക്കുടിച്ച്, പകരം വേദനമാത്രം സമ്മാനിച്ച ആ ജീവൻ പുറത്ത്വരട്ടെ. കീറത്തുണികളിൽ പൊതിഞ്ഞു തന്റെ അടുത്ത് കിടക്കുന്ന കുട്ടിയുടെ ഇളം കഴുത്തിൽ തന്റെ വിരലുകൾ ശക്തിയിലമർത്തിയാൽമതി. 'ക്ലു' ശബ്ദത്തോടെ ഒരു വിക്കൽ മാത്രമുണ്ടാവും. തീർന്നു. പൊറുവീണ

ആദ്യമായിക്കരയുമ്പോൾ മാത്രം പ്രവർത്തിച്ചു തുടങ്ങുന്ന ശ്വാസകോശം നിമിഷങ്ങൾക്കകം നിശ്ചലമാകണം. തന്റെ കൈ വിറക്കുമോ? ഇല്ല... ഒരിക്കലുമില്ല. "ള്ളെ-ള്ളെ" എന്ന ആ കരച്ചിൽ തന്നെ ഭ്രാന്ത് പിടിപ്പിക്കും.

"അമ്മേ..." വേദന കൂടിക്കൂടി വരുന്നുണ്ടെന്ന് തോന്നി. പിന്നെ എല്ലാം പെട്ടെന്നാണുണ്ടായത്. ഓരോ കണ്ണും കണ്ണുമായി അറുത്തുമുറിക്കുന്ന വേദന സൃഷ്ടിയുടെ വേദന... വേദന... വേദനമാത്രം.... അബോധാവസ്ഥയിലേക്ക് തെന്നിവീഴുമ്പോഴും അവ്യക്തമായി എന്തെല്ലാമോ പിറുപിറുത്തു...

ബോധം തിരിച്ചുകിട്ടിയപ്പോൾ നിശ്ചലമായി കിടക്കുകയായിരുന്നു. ഉദ്വേഗത്തോടെ ആദ്യം നോക്കിയത് വലതുവശത്തേക്കാണ്. ഇല്ല? വിശ്വാസം വരാഞ്ഞിട്ട് കണ്ണോടിച്ചു നോക്കി. ഇല്ല. അശ്രുതമൂറുന്ന മിഴികൾ മെല്ലെ ഇടതുവശത്തേക്ക് തിരിഞ്ഞു. അവിടെയുമില്ല. എവിടെ? എവിടെ?

"നേഴ്സ്." മുഴുവൻ ശക്തിയും സംഭരിച്ചാണ് വിളിച്ചത്. ശബ്ദം പുറത്തുവന്നില്ലേ? "നേഴ്സ്". ഒന്നുകൂടി വിളിച്ചപ്പോൾ, ഓപ്പറേഷൻ റൂമിൽനിന്നും നേഴ്സിറങ്ങിവന്നു. ആവേശത്തോടെ ചോദിച്ചു:– "എവിടെ, എന്റെ കുട്ടി?" നേഴ്സ് ഓപ്പറേഷൻ തീയറ്ററിലേക്ക് തന്നെ മടങ്ങിപ്പോയി. തിരിച്ചുവരുമ്പോൾ കൈയിൽ തുണിയിൽ പൊതിഞ്ഞ കുട്ടിയുണ്ടായിരുന്നു. ഉദ്വേഗം നിറഞ്ഞ കണ്ണുകൾ തുണിപ്പൊതിയിൽ പരതി നടന്നപ്പോൾ—

ഞെട്ടിപ്പോയി. അടഞ്ഞ കണ്ണുകൾ. നിശ്ചലമായ കൈകാലുകൾ കണ്ണിൽ നീർ പൊടിഞ്ഞ് കാഴ്ച അവ്യക്തമായപ്പോൾ നേഴ്സിന്റെ വായിൽനിന്നുതിർന്നുവീണ വാക്കുകൾ കേട്ടു.

"ചാപിള്ളയാണ്."

എത്ര അടക്കാൻ ശ്രമിച്ചിട്ടും കഴിഞ്ഞില്ല. വിങ്ങിപ്പൊട്ടിപ്പോയി. ഒരമ്മയുടെ വേദന. ഇടനെഞ്ചു പൊട്ടുമാറ് തേങ്ങിത്തേങ്ങിക്കരയുമ്പോൾ മനസ്സ് മന്ത്രിച്ചു:

"എന്റെ കരൾ വേദനിക്കുന്നു. ഞാനേറ്റവും അധികം സ്നേഹിച്ചത് ഈ കുഞ്ഞിനെയാണ്. എന്റെ കുഞ്ഞിനെ. ഈ കുഞ്ഞിനെ മാത്രം."

ചെറുകഥ:

# പാടകൾ

കിരാതദാസ് പി, *I B. A.*

മൂടിക്കെട്ടിയ സന്ധ്യപോലെ, ദിവസത്തിന്റെ ആരംഭത്തിൽ മങ്ങിയ വെളിച്ചത്തിൽ, ഇരുട്ടിന്റെ അവസാനത്തിലേയ്ക്കു പ്രകാശിക്കുന്ന തെരുവുവിളക്കുകൾക്കു താഴെ കാറുകൾ പറന്നു. പൊടിയിൽ മുങ്ങുന്ന ചെമ്മൺപാത, ഇടതുവശത്തെ മഹാഗണിക്കാട്ട്, പാതയുടെ അന്ത്യത്തിലെ പരന്ന മൊട്ടക്കുന്ന്, നേർത്ത ആവരണത്തിനുള്ളിലിരുന്നു; രാത്രിയുടെ ദുഃഖത്തിന്റെ അവശേഷിച്ചുറഞ്ഞ മഞ്ഞിന്റെ ആവരണം ഒരു പാടപോലിരുന്നു. നിശ്ശബ്ദതയിലേക്കു ഞരങ്ങിനീങ്ങിയ കാളവണ്ടിയുടെ ചക്രങ്ങൾക്ക് ആലസ്യമുണ്ടായിരുന്നു. ദ്വേഷ്യത്തോടെ നിസ്സഹായതയോടെ അവ നനഞ്ഞ മണ്ണിൽ ചാലുകളുണ്ടാക്കി. ലക്ഷ്യം കണ്ട പോലെ, പാതയിൽ പരന്നുകിടന്ന മഴയുടെ വെള്ളം ചാലുകളിലേയ്ക്കൊഴുകി, അങ്ങിനെ പാതയിൽ വിള്ളലുകൾ സ്പഷ്ടമാക്കി.

മുറിയ്ക്കുള്ളിൽ, കട്ടിലിനുചുറ്റും ഉറക്കത്തിന്റെ, രാത്രിയുടെ മണം തങ്ങിനിന്നു
പുറത്ത്, താഴെ, നഗരത്തെ സ്പർശിക്കാ
ജലാംശമുള്ള കാററ് വീശി. ജനലിലൂ
അകത്തേക്ക് കടന്നപ്പോൾ, കാററ്, ഓട്ടക
നിയുടെ പുക മണത്തു.

— തണുപ്പിൽ രോഗാലസ്യമുണര
വീണ്ടും കിടന്നു; അവ്യക്തങ്ങളായവ ചിന്തി
മരിച്ചുപോയ അമ്മയെ ഓർത്തു; മരണ
ഓർത്തു, ജനനത്തെ ഓർത്തു. സിന്ധുവി
ഓർത്തു, രാമേട്ടനെ ഓർത്തു. രാമേട്ടന്റെ പ
റിയ ശബ്ദത്തെ...

"കുറച്ച് കോംപ്ലിക്കേഷനുണ്ടെന്നാ
ഡോക്ടർ വിമല പറയുന്നത്. പേടിക്കാ
ല്ലത്രെ, കടിഞ്ഞൂലല്ലെ. നീ രാവിലെ പ
പ്പെട്ടെ". — ശബ്ദം ചെവിയിൽ നിറഞ്ഞ
ഉച്ചസ്ഥായിയിൽ, മങ്ങിയ രീതിയിൽ. പി
ചെവിയിൽനിന്ന്, ഓർമ്മയിൽനിന്ന്, മു
യിൽനിന്ന് ചോർന്നുപോയി.

---

* സാഹിത്യസമ്മേളനത്തിൽ വായിക്കാൻ തിരഞ്ഞെടുക്കപ്പെട്ട ചെറുകഥ.

—എന്നിട്ട്, ഒരായിരം വള്ളുബിന്ദുക്കളുടെ നിലയ്ക്കാത്ത പ്രവാഹത്തിന്റെ നടുവിലേക്ക് തെറിച്ചുവീണു; അവിടെ, അവ മുഴങ്ങി. അത് കേൾക്കെ കേൾക്കെ അവിടെ ജനനമുണ്ടായി. വള്ളുബിന്ദുക്കൾക്ക നടുവിൽ, ഒഴിഞ്ഞൊരു സ്ഥലത്ത് താനുണ്ടായി. ചെറിയ കണ്ണും, ചെറിയ മൂക്കുമുള്ള താൻ ചുരുണ്ടുകിടന്നപ്പോൾ, തനിയ്ക്കു ചുററും സ്വപ്നനിറത്തിലുള്ള രേഖകൾ നിറഞ്ഞു. ആ രേഖകളെ നോക്കി താൻ കരഞ്ഞു. അപ്പോൾ, ചെറിയ വായിൽ, നാക്കിനുമുകളിൽ ദംഷ്ട്രങ്ങൾ. നിമിഷങ്ങളിലൂടെ അവ വലുതായി. നാക്കിന്റെ തുമ്പിൽ രക്തം പൊടിഞ്ഞു. അവസാനം ദംഷ്ട്രങ്ങളുടെ കൂർത്ത അറ്റം സ്വപ്നരേഖകളിൽ പതിയുന്നു; രേഖ...... രേഖ, പൊട്ടിയോ?

കണ്ണു തുറക്കുമ്പോൾ, സ്വപ്നം, സ്വപ്നത്തിന്റെ പൊട്ടിയ പൊടികൾ കണ്ണിൽ നിറയുന്നു.. രക്തംപോലെ, അറയിൽ നേരിയ ചൂട് തങ്ങിനിന്നു.

"നോക്കൂ, എണീയ്ക്കൂ, പ്ലീസ്."

അപ്പോൾ, അവൾ, മുന്നിലേക്ക്, കണ്ണിലേയ്ക്കിറങ്ങിവന്നു. അവളുടെ കണ്ണുകൾക്കു താഴെ ഉറക്കം തളംകെട്ടി നിന്നു. തലമുടി അലസമായി കിടന്നു. മാറിൽ, ബട്ടനിടാത്ത ഭാഗത്ത്, വിയർപ്പ് പൊടിഞ്ഞിരിയ്ക്കുന്നു.

—വത്സല, തന്റെ കാമുകി. വില്യംസിന്റേയും, ഭ്രഷ്ടിന്റേയും ആരാധിക.

എണീറ്റിരിക്കുമ്പോൾ, ഭോഗാലസ്യം നെറ്റിയിലും, കാലുകളിലും തള്ളിക്കയറി. കണ്ണുകളിൽ ചാരായത്തിന്റെ, ഉറക്കമില്ലായ്മയുടെ തളർച്ച നിറഞ്ഞു. നിന്നപ്പോൾ, കമ്പിളിപ്പുതപ്പ് ഊർന്നുവീണു; ക്ഷീണം മറ്റൊരു പുതപ്പായി ശരീരത്തെ പൊതിഞ്ഞു.

—ജനലിനുതാഴെ, നഗരത്തിന്റെ ആവിയ്ക്ക് ചൂട് കയറിയിരിക്കുന്നു. ചെമ്മൺപാത, പൊടിയിൽ മറയുന്നു, വീണ്ടും കാണുന്നു. കാളവണ്ടിച്ചക്രങ്ങൾ സൃഷ്ടിച്ച ചാലുകളിൽ വെള്ളം വറ്റിക്കഴിഞ്ഞിരിക്കുന്നു.

ലോകത്ത്, താൻ മാത്രം ശ്രദ്ധിച്ചിരിക്കുന്നു; ഈ ചലനം എത്രവേഗം കഴിഞ്ഞു! —മഴ, മൊട്ടക്കുന്നുകൾക്കപ്പുറം അഭയംതേടിപ്പോയിരിക്കുന്നു. ഇനിയുമൊരിക്കൽ ഇവിടെ വരുന്നു, സങ്കേതം നോക്കി.

"ഇപ്പോൾ ഫോണുണ്ടായിരുന്നു: എപ്പോളാണ് പോകുന്നത്?" —അവൾ, വത്സ.

—ടെലിഫോണിൽ, രാമേട്ടന്റെ ശബ്ദം പതറുന്നു. ദുഃഖത്തിന്റെ, അജ്ഞതയുടെ ഭാവമുള്ള മുഖം പരിഭ്രമംകൊണ്ട് ഇടുങ്ങുന്നു. താൻ നിസ്സഹായനാണെന്ന് തോന്നുമ്പോൾ, അനുജനെ വിളിയ്ക്കുന്നു.

താഴ്‌വരയിൽ, ഇരുട്ടിൽ, ചിതലുപിടിച്ച തറവാട്ടിൽ, വിവാഹത്തിന്റെ ആഘോഷത്തിൽ രാമേട്ടൻ, മുഖത്ത് ദുഃഖമുള്ള രാമേട്ടൻ, പിന്നെ കുട്ടിയായിരുന്നു.

ഏട്ടത്തിയമ്മയുടെ ഓരോ ചലനവും, ഇരുട്ടകയറാത്ത മുറികളിൽ നിറഞ്ഞുനിന്നിരുന്നു. അപ്പോൾ, രാമേട്ടൻ ചിരിച്ചിരുന്നു, സന്തോഷിച്ചിരുന്നു.

സന്ധ്യയ്ക്ക്, തന്റെ കൈപ്പത്തിയും മുഖവും മാനംപോലെ ചുവന്നുതുടുത്ത ഒരു സന്ധ്യയ്ക്ക് തെക്കിനിപ്പടിയിൽ രാമേട്ടനിരുന്നു. അവർ, ഭാര്യ, താഴെ കോലായിൽ തലമുടി വേർപെടുത്തിയെറിഞ്ഞു. സന്ധ്യ, അവിടെയെല്ലാം സിന്ദൂരം തൂകി.

—അന്ന്, താൻ ജയന്തനാകാൻ കൊതിക്കുന്നു; കറുത്ത ശരീരത്തിൽ, മിനുസമുള്ള ചിറകുകളടിച്ച് പറക്കാനാഗ്രഹിക്കുന്നു. എന്നിട്ട്, തുടുപ്പുള്ള മിനുസമുള്ള ഭാഗങ്ങളിൽ സ്പർശിച്ച്, കൊത്തി, മധുരമായൊരു നിർവൃതി നേടി......

ദുഃഖത്തിന്റെ നിറമുള്ള മുഖത്ത് കോപം നിറയുകയില്ലല്ലോ. അസ്ത്രം ജപിച്ചെറിയാനുള്ള ശേഷിയുമില്ല.

സന്ധ്യകൾ, മൂടികെട്ടിയ സന്ധ്യകൾ കൊഴിയുമ്പോൾ ഒരു നിമിഷം ജയന്തനാകാൻ കൊതിച്ച ലക്ഷ്മണൻ മാറുന്നു. ജ്യേഷ്ഠന്റെ, രാമന്റെ വാക്കുകളനുസരിക്കാത്ത, മറെറാരു ലക്ഷ്മണൻ. അപ്പോൾ, പുരാണത്തിന്റെ രീതി മാറുമ്പോൾ, പ്രകൃതി ക്ഷോഭിക്കുന്നു. തുലാമാസത്തിൽ, ഇടിയായി, മിന്നലായി, മഴയായി പ്രതിഷേധിക്കുന്നു.

നിമിഷങ്ങളിൽ, ദിവസങ്ങളിൽ സീത, ശ്രീരാമനെ വെറുക്കുന്നു. വിദ്യയും തത്വവും പഠിയ്ക്കാത്ത ശ്രീരാമൻ; ഒന്നുമറിയാത്ത ശ്രീരാമൻ. ബുദ്ധിയില്ലാത്ത...

മുറിക്കകത്തു്, കട്ടിലിനുസമീപം. ഫോൺ ശബ്ദിക്കുന്നു. രാമേട്ടൻ ക്ഷീണിച്ച, വിയർപ്പിന്റെ തടസ്സമുള്ള ശബ്ദം. അനുജാ, നീ ഇനിയുമെന്നെ പരീക്ഷിക്കുന്നതെന്തിനു്?

പുറപ്പെടാത്തതെന്തു്?

—കണ്ണടയ്ക്കുമ്പോൾ, സ്വപ്നരേഖകൾ പൊട്ടിച്ചിതറുന്നു.

ഇന്നലെ ഉപേക്ഷിച്ച ഷർട്ട്.

വത്സ ചോദിച്ചു: "യൂ ആർ ഗോയിങ്ങ്?"

പാത, കറുത്ത പാത. സുന്ദരമായൊരു മയക്കംപോലെ വെയിൽ പാതയിൽ തൂങ്ങുന്നു.

—പാടകൾ, സർവ്വത്ര പാടകൾ. ല'ക്ഷ്മണനപ്പുറവും, സീതയ്ക്കപ്പുറവും പാടകൾ. എല്ലാറ്റിനപ്പുറവും പാടകൾ. ലോകം, ജീവിതം, പാടങ്ങളിൽ.

—താൻ നടക്കുന്നു. വെയിലിൽ വിയർത്തു കുളിച്ച് താൻ നടക്കുന്നു. സീതയുടെ പതനത്തിൽ, ശ്രീരാമൻ ലക്ഷ്മണനെ അന്വേഷിക്കുന്നു. ഇത്രകാലം, വനവാസകാലമത്രയും എന്റെകൂടെ നിന്ന നിന്നെ ഇപ്പോളെനിക്കു കാണണം. നമുക്ക് സീതയ്ക്ക് ചിതയൊരുക്കണ്ടേ?

കാലുകൾ തളരുന്നു. എന്തിനാണ് നടക്കുന്നതു്?

—ദംഷ്ട്രങ്ങളുള്ള തന്നെ കാണാൻ. ചുറ്റും പൊട്ടിപ്പൊടിഞ്ഞ സ്വപ്നരേഖകളെ കാണാൻ. ശ്രീരാമനിൽനിന്നു മോഷ്ടിച്ച നിമിഷത്തിൽ ലക്ഷ്മണനിൽ അഭയംകണ്ട സീതയുടെ ശവം തീയിലെരിഞ്ഞു്, കാലത്തിന്റെ, മണ്ണിന്റെ, ഭാഗമാകുന്നതു് കാണാൻ.

# പേര്

*കെ. മൊയ്തീ, I-B. Sc.*

**പൊടിപടലങ്ങൾ** അന്തരീക്ഷത്തിലേക്കുയർത്തിക്കൊണ്ട് ലോറികൾ ഇടതടവില്ലാതെ ഓടിക്കൊണ്ടിരിക്കുന്നു. വായുവിലലിഞ്ഞു ചേർന്ന മണ്ണ് നാസാരന്ധ്രങ്ങൾവഴി ശ്വാസകോശങ്ങളിൽ ചെന്നടിയുന്നു. ബെഡ്ഷീറ്റ് കൊണ്ട് മറയ്ക്കപ്പെടാത്ത കട്ടിലുകൾ. അശ്രദ്ധമായിട്ടിരിക്കുന്ന മേശകൾ. അടുത്ത മുറികളിലെ ഷെൽഫുകളിലിപ്പോൾ തടിച്ച പുസ്തകങ്ങൾ വിശ്രമിക്കുന്നില്ല. തടിയന്റെ പൊട്ടിച്ചിരികൾ അവിടെനിന്നുയരുന്നില്ല. ചൂടേറിയ വാദപ്രതിവാദങ്ങളില്ല. സ്വിച്ചുകളഴിച്ചെടുത്ത സ്വിച്ച്ബോർഡും ബൾബുകളില്ലാത്ത ഹോൾഡറുകളും, വിൻഡോകർട്ടനില്ലാത്ത ജനലിലൂടെ ശരീരം കാണാം. ലോഡ്ജ് മുഴുവൻ ശൂന്യം. ഞാൻ മാത്രം ഇവിടെ അവശേഷിക്കുന്നു. മറ്റെല്ലാവരും യാത്രപറഞ്ഞു പിരിഞ്ഞിരിക്കുന്നു; അടുത്ത കൊല്ലം വീണ്ടും കാണാൻവേണ്ടി അല്ലെങ്കിൽ ഇനിയൊരിക്കലും കാണാതിരിക്കാൻവേണ്ടി. പ്രാക്ടിക്കൽ പരീക്ഷയോടെ കോഴ്സ് പൂർത്തിയാക്കിയ റൂംമീറ്റ് ഇന്നലെ യാത്രപറഞ്ഞുപിരിഞ്ഞു. സാൾട്ട്കിട്ടി എന്ന് പറയുമ്പോൾ അവന്റെ മുഖത്ത് എത്രമാത്രം പ്രസന്നതയുണ്ടായിരുന്നു. വീട്ടിലിരുന്ന് സുഖിക്കുന്ന പ്രിയ സുഹൃത്തുക്കളെ, നിങ്ങൾ ഭാഗ്യവാന്മാരാണ്. ഇന്ന് അഞ്ചുമണിയോടുകൂടി ഞാനും സ്വതന്ത്രനാകും. പക്ഷേ പരീക്ഷകഴിഞ്ഞു പുറത്തിറങ്ങുന്ന എന്റെ മുഖത്തെ പ്രസന്നത കാണാൻ ആരുണ്ടിവിടെ? ഈ വിജനതയിലിരുന്നു മുഷിയുവാൻ. ആഹ്ലാദം പങ്കിട്ടെടുക്കുവാൻ പങ്കാളിയെ കിട്ടാതെ വ്യാകുലപ്പെടുവാൻ, ഞാൻ മാത്രമെന്തിന് ഈ അവസാനബാച്ചിൽപ്പെട്ടു. വേറെ എത്ര ബാച്ചുകളുണ്ടായിരുന്നു. ഞാൻ മാത്രമല്ലല്ലോ ഈ ബാച്ചിലുള്ളത്. വേറെയും പത്തൊമ്പത് പേരില്ലേ. അവരുടെ കൂട്ടുകാരും സ്ഥലംവിട്ടിട്ടുണ്ടായിരിക്കുമോ? അവരും എന്നെപ്പോലെ ഏതെങ്കിലുമൊരു ലോഡ്ജിലെ നിശ്ശബ്ദതയിലാണോ ജീവിക്കുന്നത്? ഒരു പക്ഷേ ആയിരിക്കാം.

തിയറി മഹാബോറായിരുന്നു. എങ്കിലും നിരാശനായില്ല; എല്ലാ പ്രതീക്ഷകളും പ്രാക്ടിക്കലിലർപ്പിച്ചു. അർപ്പിക്കുക മാത്രമല്ല. ഇന്നലെ രാത്രി രണ്ടുമണിവരെ ഉറക്കൊഴിച്ച് വായിച്ചു. ചെയ്യേണ്ടവിധമെല്ലാം നല്ലപോലെയറിയാം. റിക്കാർഡാണെങ്കിൽ നന്നായി ചെയ്തിരിക്കുന്നു. [വിജ്ഞാനപ്രദവും ഉല്ലാസപ്രദവുമായ കലാലയജീവിതത്തോട് നാളെ യാത്രപറയുകയാണ്. കലാലയത്തോട് എല്ലാ വർഷവും യാത്രപറയാറുണ്ട്. പക്ഷേ

അത് വീണ്ടും ഇവിടേയ്ക്കുതന്നെ തിരിച്ചുവരാനായിരുന്നു. എന്നാൽ ഇപ്രാവശ്യം അങ്ങനെയല്ല: എന്നന്നേക്കുമായി വിട്ടുപിരിയുകയാണ്. പരിപാവനമായ കലാലയമേ, മറക്കാൻ കഴിയാത്ത പിന്നിട്ട നാളുകളേ, നിങ്ങൾക്കെന്റെ ആയിരമായിരമഭിവാദനങ്ങൾ.]

ഊണുകഴിഞ്ഞുവന്നപ്പോൾ അല്പം വിശ്രമിക്കണമെന്നുതോന്നി. കിടക്കയിലേക്ക് ചാഞ്ഞു. സമയം ഒരു മണിയായിട്ടേയുള്ളൂ. പരീക്ഷയ്ക്കുപോകാൻ എനിയുമുണ്ട് നാല്പതോളം മിനുട്ടുകൾ. മേശപ്പുറത്ത് അലസമായിക്കിടക്കുന്ന ആഴ്ചപ്പതിപ്പെടുത്തു നിവർത്തി. അതിന്റെ കവർപേജ് തടിയൻ കീറിയെടുത്തുകൊണ്ടുപോയിരിക്കുന്നു. വർമ്മയുടെ "പ്രശ്ന"മാണ് മറിച്ചപ്പോൾ കിട്ടിയത്. ഹോട്ടലിൽനിന്നും വഞ്ചിക്കപ്പെട്ട, കറുപ്പിന്റെ വീടിനെ ലക്ഷ്യമാക്കി നടക്കുന്ന പണിക്കർ, പ്രേമത്തിന്നുള്ളിൽ കുണുങ്ങിവരുന്ന ഹെലനെ കണ്ടപ്പോൾ, പരിപാടികളെല്ലാം പാടെ മറന്ന് അവളെ പിൻതുടരുന്നു. കടിച്ചാൽപൊട്ടാത്ത വാക്കുകളാൽ മിനഞ്ഞെടുത്ത നീണ്ട വാചകങ്ങൾ വീണ്ടും വീണ്ടും വായിക്കേണ്ടിവന്നു. ഇവന്റെയൊക്കെ ഒരു ശൈലി. പുസ്തകം വലിച്ചെറിയാൻ തോന്നിയെങ്കിലും, കഥയുടെ അന്ത്യം അറിയുവാനുള്ള താല്പര്യംമൂലം അങ്ങിനെ ചെയ്തില്ല. ആ പേജുകളിൽ കണ്ണും നട്ടങ്ങിനെ കിടന്നു.

സാൾട്ട്നിറച്ച ടെസ്റ്റ്-ട്യൂബുകൾ വിതരണംചെയ്തു. വെളുത്തനിറമുള്ള, നിറമില്ലാത്തതെന്ന് വിശേഷിപ്പിക്കുന്ന സാൾട്ട് "ഗ്രൂപ്പ് മെറ്റലായിരിക്കണം" കണ്ടപ്പോൾതന്നെ മനസ്സിൽ പറഞ്ഞു. ഇതെന്താണെന്നറിഞ്ഞുകിട്ടിയാൽ രക്ഷപ്പെട്ടു. ബർണർ ജ്വലിക്കാൻ തുടങ്ങി. ബ്രോമൈഡിന്റെ സാന്നിദ്ധ്യം തെളിയിച്ചുകൊണ്ട്, ഇളംമഞ്ഞനിറത്തിലുള്ള അവക്ഷിപ്തം അമോണിയം ഹൈഡ്രോക്സൈഡിൽ അല്പാല്പമായി ലയിക്കാൻ തുടങ്ങി. ചൂടുവെള്ളത്തിൽ അപ്രത്യക്ഷമാവുന്ന, തങ്കവർണ്ണത്തിലുള്ള ഗോൾഡൻ സ്പാങ്കിൾസ്. ഹൃദയം തുള്ളിച്ചാടി. ദി ഗിവൺ സിമ്പിൾ സാൾട്ട് ഈസ് ലെഡ് ബ്രോമൈഡ്. ആക്രമിയെ നേരിടാൻ പത്തിവിടർത്തിനിൽക്കുന്ന മൂർഖൻ പുറപ്പെടുവിക്കുന്നതുപോലെയുള്ള ശീല്ക്കാരശബ്ദം. ആരോ ഗാഢസൾഫ്യൂറിക്കാസിഡ് സിങ്കിലേക്കൊഴിച്ചിരിക്കുന്നു. പെട്ടെന്ന് ഞെട്ടിയുണർന്നു. ഒന്നും മനസ്സിലാകുന്നില്ല. എനിക്കു കിട്ടിയ സാൾട്ടെവിടെ. മേശക്കടിയിലിരിക്കുന്ന വാച്ചെടുത്തുനോക്കിയപ്പോൾ തളർന്നു ബെഡ്ഡിലേക്ക് വീണുപോയി. പരീക്ഷതുടങ്ങിയിട്ട് ഒരു മണിക്കൂർ കഴിഞ്ഞിരിക്കുന്നു. എല്ലാ പ്രതീക്ഷകളും തകർന്നടിഞ്ഞു. ഇതിനായിരുന്നോ ഞാനിതുവരെ പാടുപെട്ടത്. തലേദിവസം ഉറക്കൊഴിച്ചതിന്റെ ക്ഷീണത്താൽ ഉറങ്ങിയ എന്നെ വിളിച്ചുണർത്തുവാൻ റൂംമെയ്റ്റ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ

പുസ്തകങ്ങളെല്ലാം വാരി പെട്ടിയിലൊതുക്കുമ്പോൾ, ഒറ്റക്കിരുന്ന് മനോരാജ്യം കാണുവാൻ എന്നെ പ്രേരിപ്പിച്ച, ഈ ഏകാന്തതയിൽ എന്നെ കൊണ്ടുചെന്നാക്കിയ, "ട"ൽ ആരംഭിക്കുന്ന എന്റെ ഓമനപ്പേരിനെ ഞാൻ പഴിച്ചു

# *ശരിയോ തെറ്റോ?

*സ്നേഹപ്രഭ, II–M.A.*

ഈ ന്യൂസെങ്ങിനെ കിട്ടാതെപോയി? എത്ര പുകഞ്ഞാലോചിച്ചിട്ടും കിട്ടിയില്ല.

"ഒരു ഡോക്ടർ രോഗിണിയെ ബലാൽസംഗം ചെയ്യാൻ ശ്രമിക്കുകയും പെൺകുട്ടി നിലവിളിച്ച് ബഹളംകൂട്ടിയപ്പോൾ ഓടി രക്ഷപ്പെടുകയും ആണുണ്ടായത്.."

ഡോക്ടറുടെ പേരോ, കുട്ടിയുടെ പേരോ ഒന്നുമില്ല. എങ്കിലും പൊതുജനമറിഞ്ഞിരിക്കേണ്ട ഈ ഹീനകൃത്യം തന്റെ പത്രത്തിൽ വന്നില്ലല്ലോ? റിപ്പോർട്ടറെ വിളിച്ചന്വേഷിക്കുക തന്നെ. സഹപത്രാധിപരെന്ന നിലയിൽ തനിക്കുമില്ലേ ചില ചുമതലകളൊക്കെ?

"അങ്ങിനെയൊരു ന്യൂസ് എനിക്കു കിട്ടിയിട്ടില്ല." യാതൊന്നും സംഭവിക്കാത്തമട്ടിൽ ചീഫ് റിപ്പോർട്ടർ കൈമലർത്തി.

റസിഡന്റ് എഡിറ്ററുപദേശിച്ചു "അതു കൊടുക്കാതിരിക്കയാണ്" ഭേദം. സ്ഥലത്തെ ഒരു പ്രധാന ഡോക്ടറാണ്. ഒരബദ്ധം ആർക്കും പറ്റിക്കൂടെന്നില്ലല്ലോ?"

അന്തംവിട്ടുപോയി. ഒരു ഡോക്ടറിത്രവ ലിയ കുറ്റംചെയ്തിട്ടും ന്യായീകരിക്കാൻ ശ്രമി മിക്കുന്നു! "ചെകുത്താന്മാർ". മനസ്സറിയാതെ പിറുപിറുത്തു.

പറ്റില്ല. ഇതു ഞാനനുവദിക്കില്ല. പത്ര ധർമ്മം എന്നൊന്നില്ലാതായോ? ഒരു പത്രപ്രവ ർത്തകനു തന്റെ സ്ഥാപനത്തോടു ചില കടപ്പാ ടുകളില്ലേ? അതിലേറെ ഒരു പത്രത്തിനു സമു ദായത്തോടു നീതി കാണിക്കേണ്ടേ?

റസിഡന്റ് എഡിറ്റർ സ്ഥലംവിട്ടുകഴി ഞ്ഞിരിക്കുന്നു. സമയം എട്ടു മണിയായി.

സൂപ്പർവൈസറെ വിളിച്ചുപറഞ്ഞു. "ഞാ ൻമാർക്ക്ചെയ്ത ന്യൂസുണ്ടല്ലോ. ഒന്നാംപേജിൽ തന്നെ വരണം എല്ലാ എഡിഷനിലും കി ന്നോട്ടെ."

രാത്രിപകലാക്കുന്ന ന്യൂസ്റൂമിന്റെ ചു ട്ടിലിരുന്നു എഴുതിക്കൊണ്ടിരുന്നു. പെ ന്നൊരു ഫോൺകാൾ. നഗരത്തിലെ ഒ പ്രമുഖ രാഷ്ട്രീയ നേതാവാണ്. റോഡിന്യൂ

---

* കോളേജ്ഡേയോടനുബന്ധിച്ചു നടത്തിയ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ കഥ.

കൊടുത്ത കാര്യം അയാളെങ്ങിനെയറിഞ്ഞു? ഈ ഓഫീസിൽതന്നെ ചാരന്മാരുണ്ടെന്നോ?

അദ്ദേഹത്തിന്റെ സ്വന്തം ആളാണ്. അപമാനിക്കാതെ രക്ഷപ്പെടുത്തണം.

അപ്പോൾ അതാണു കാര്യം. ആരോരുമില്ലാത്ത പെൺകുട്ടികളെ ആർക്കും അപമാനിക്കാം; എന്തുംചെയ്യാം!

"ഇതിനു മാത്രമെന്നെ നിർബ്ബന്ധിക്കേണ്ട." തീർത്തു പറഞ്ഞു.

"പണത്തിന്റെ കാര്യമാണെങ്കിൽ വിഷമിക്കേണ്ട" ശ്ശി, പ്രലോഭനമോ?

ഇതുകൊണ്ടൊന്നും വഴങ്ങുന്നവനല്ല ഞാൻ.

എന്തായാലും ഡോക്ടറുടെ പേരും, മററു വിവരങ്ങളും ആശുപത്രിയിലെ സൂപ്രണ്ടിൽനിന്നും കിട്ടി. ജനസേവകനായ ഭിഷഗ്വരൻ ചെയ്യുന്നതെന്താണെന്നു നാളെ തന്റെ പത്രം വിളംബരംചെയ്യും. അയാൾ വിവാഹിതനാണെന്നുകൂടി കേട്ടപ്പോൾ രോഷം വർദ്ധിക്കയാണു ചെയ്തതു്.

"സാർ വിളിക്കുന്നു."

പ്യൂൺ വന്നുപറഞ്ഞു. ആരാണീ അസമയത്തു്? പത്രാധിപരോ? അത്ഭുതം അമർത്തിവെച്ചു ഓടിച്ചെന്നു. "സാർ, ഈ ഓഫീസിൽ റിപ്പോർട്ടർമാർക്കെന്താണു ജോലി? സൌന്ദര്യമത്സരങ്ങളുടെ കണക്കെടുക്കലോ? ദാ, നോക്കു! ഈ ചെറിയ പത്രത്തിനുപോലും കിട്ടിയ ന്യൂസു നമ്മൾ മിസ്സ്ചെയ്തു. എന്തായാലും ഞാനെടുത്തുകൊടുത്തിട്ടുണ്ട്. നാളത്തെ പത്രത്തിൽവരും."

എഡിറ്റർ ഗാംഭീര്യത്തോടെ ഒന്നു അടിമുടി നോക്കി. "നിങ്ങൾ അധികാരം ദുരുപയോഗപ്പെടുത്തുന്നു. റസിഡൻറ് എഡിറ്റർ കൊടുക്കേണ്ടെന്നു പറഞ്ഞ ന്യൂസ് വീണ്ടും പ്രസ്സിലയക്കാനെങ്ങിനെ ധൈര്യംവന്നു?"

"സർ, ന്യൂസ് എഡിറ്ററെന്ന നിലയിൽ ഏതു് ന്യൂസാണ് കൊടുക്കേണ്ടതെന്നു നിശ്ചയിക്കേണ്ടതു് ഞാനല്ലേ? അധികാരം വേണമെന്നില്ല. എന്നാലും പത്രധർമ്മമോർത്തെങ്കിലും. ..."

"മിസ്റ്റർ, നിങ്ങൾക്കാ ഡോക്ടറെ ഒന്നു വഷളാക്കി ചിത്രീകരിക്കണം. അതല്ലേ ആവശ്യം. അതിനീ പത്രത്തെ കിട്ടില്ല".

വാക്കുകൾ കിട്ടാതെ വിഷമിച്ചുപോയി. ആദർശങ്ങളെക്കുറിച്ചും മൂല്യങ്ങളെകുറിച്ചും ദിവസം അഞ്ചു മീറ്റിങ്ങിലെങ്കിലും പ്രസംഗിക്കാറുള്ള മഹാനായ പത്രാധിപരാണോ ഈ പറയുന്നതു്? ലോകജനതയെ മുഴുവൻ മുന്നോട്ടു നയിക്കാൻ വെമ്പുന്ന നേതാവാണോ ഈ മുമ്പിൽ നില്ക്കുന്നതു്?

രാജിവെച്ചിറങ്ങിപ്പോയാലോ?

...പെട്ടെന്നോർമ്മവന്നു. നിത്യരോഗിയായ ഭാര്യ, കല്യാണം കഴിയാത്ത പ്രായംതെറ്റിയ രണ്ടു സഹോദരികൾ. പഠിത്തം എവിടെയുമെത്തിയിട്ടില്ലാത്ത പിള്ളേമക്കൾ. വീടിന്റെ കടം കൊടുത്തുതീർത്തിട്ടില്ല....

ന്യൂസെടുത്തുകളയാൻ ഓഡർകൊടുത്തു, പത്രാധിപർ വീട്ടിലേക്കുയാത്രയായി.

ബസ്സ് കാത്തു രണ്ടു മണിക്കൂർപോയി. ഒടുവിൽ കൈയ്യിലുള്ള കാശ്കൊടുത്തു ഓട്ടോറിക്ഷയിൽ കയറി. ചെന്നു കയറിയതേയുള്ളു.

"അച്ഛാ കോണീമ്മ്ന്നു വീണു". മൂത്ത പെണ്ണുങ്ങളുടെവക.

"ഇലക്ട്രിസിറ്റിയുടെ ബിൽ വന്നിട്ടുണ്ട്."

"ജയക്കു കോളേജിൽ ഫീസുകൊടുക്കണം. നാളെയാണു അവസാനത്തെ തിയ്യതി".

പരാതികൾ, വേവലാതികൾ!

ഒന്നും മിണ്ടിയില്ല. കുരച്ചു ശ്വാസംമുട്ടുന്ന ഭാര്യയെ നിർന്നിമേഷതയോടെ നോക്കി.

"എനിക്കൊന്നും വേണ്ട". ഊണുകഴിക്കാതെ പോയിക്കിടന്നു. കുട്ടികളുടെ മുഖം വാടിയോ? അവരാരും ഒന്നും കഴിക്കുന്നില്ലെന്നു കേട്ടപ്പോൾ വീണ്ടും കോണിയിറങ്ങി വന്നു.

കഞ്ഞി കുടിച്ചെന്നുവരുത്തി. രാത്രി തിരിഞ്ഞുംമറിഞ്ഞും കിടക്കുന്നതുകണ്ടു ഭാര്യ കാരണമന്വേഷിച്ചു. "ഒന്നുമില്ല. ഒന്നുമില്ല." അവൾ വിട്ടില്ല.

ഒടുവിലെല്ലാം പറഞ്ഞു അവളെങ്കിലും ധൈര്യം തരുമെന്നു കരുതി

"കുറ്റങ്ങളൊക്കെ കണ്ടുപിടിക്കാതെ കഴിയോ? വെറുതെ മേലധികാരികളെയൊക്കെ മുഷിപ്പിച്ചിട്ട..." "കുട്ടികളെക്കൂടി ഓർമ്മവേണം". അവൾ കൂട്ടിച്ചേർത്തു.

നേർവഴിവിട്ട് നടക്കരുതെന്ന ചെറുപ്പത്തിൽ അമ്മ പറഞ്ഞുതന്നതോർമ്മവന്നു. കുറുക്കുവഴിയിലൂടെ പോവാനായിരിക്കുമോ ഇവളെന്റെ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുക.?

"വേണ്ട, വേണ്ട, നിന്റെ ഉപദേശമൊന്നും വേണ്ട". അറിയാതെയലറി.

എങ്ങനെയെങ്കിലും നേരം വെളുത്തു. പ്യൂൺ ശങ്കരനാണ് രാവിലത്തെ കണി. അവൻ കൊണ്ടുവന്ന കവർ പൊട്ടിച്ചു വായിച്ചപ്പോൾ തല കറങ്ങിപ്പോയി.

അധികാരം ദുരുപയോഗപ്പെടുത്തിയെന്ന കാരണത്താൽ തന്നെ ഡിപ്രമോട്ട് (Depromote) ചെയ്തിരിക്കുന്നു.

ശങ്കരൻ കാപ്പികുടിച്ചിറങ്ങിപ്പോയി.

"എന്താ കാപ്പി കുടിക്കാത്തതു"? ഭാര്യ ഓർമ്മിപ്പിച്ചു.

കടലാസവൾക്കു നീട്ടി.

"ഞാനപ്പഴേ പറഞ്ഞില്ലേ? നാടോടുമ്പം നടുവേ ഓടണം"

ജീവിക്കാനറിയുന്നവരുടെ തത്വശാസ്ത്രം!

"രാഗിണി, ഞാൻ രാജിവെച്ചാലോ"?

ങേഹ്? അവൾ ഞെട്ടിപ്പോയി. "എന്റെവീട്ടിൽ വല്ല സ്വത്തുമുണ്ടോ? നിങ്ങളുടെ വീട്ടിലോ? പെങ്ങന്മാരുടെകാര്യം മറന്നൂല്ല്യ? ഈ കുട്ട്യോളെ കഷ്ടത്തിലാക്കല്ലേ." ഒറ്റശ്വാസത്തിലവളെല്ലാം പറഞ്ഞു.

ആത്മഹത്യചെയ്താലോ?....വയ്യ; ഒരിക്കലും; താൻ ജീവിക്കണം. അതൊരു കുടുംബത്തിന്റെ ആവശ്യമാണ്. നാട്ടിനുപകാരം ചെയ്യുന്നതിനുമുൻപു വീട്ടിനുപകരിക്കണം.

ദിവസങ്ങൾ കടന്നുപോയി. ഒന്ന്, രണ്ട്, മൂന്ന്....ലീവെടുത്തു. ഈസിച്ചെയറിൽ കുത്തിയിരുന്നാലോചിച്ചു. ആരോടും മിണ്ടിയില്ല. സുഹൃത്തുക്കളൊരായിരംപേരുണ്ടായിരുന്നു. ആരെയും ആ വഴി കണ്ടില്ല. വന്നവർ തന്നെ പരിഹസിച്ചു, മുള്ളുവാക്കു പറഞ്ഞു. ലോകത്തെ നന്നാക്കുവാൻ പുറപ്പെട്ടവനെന്നു വിളിച്ചു...ഒന്നും മറുപടിപറഞ്ഞില്ല.

ഭാര്യ കരഞ്ഞു. പെങ്ങന്മാർ സഹതാപപൂർവ്വം നോക്കി. കുട്ടികൾ അന്യോന്യം കുശുകുശുത്തു. "ഞാൻ വലുതാവട്ടെ. എല്ലാററിനെയും ശരിയാക്കും." മൂത്തവൻ ഇളയവനോടു പറഞ്ഞു. അച്ഛനെ ദ്രോഹിച്ചവരോടു മകന്റെ പ്രതികാരം!

കൊല്ലാൻ കഴിഞ്ഞെന്നുവരാം, എന്നാലും സമുദായത്തെ നന്നാക്കാൻ നിനക്കും കഴിയില്ല. മകനേ, അച്ഛനുപറ്റിയ തെറ്റ് നിനക്കു പറ്റാതിരിക്കട്ടെ!

ഓഫീസിലേക്കു വീണ്ടും പോകുമ്പോൾ മന്ത്രിച്ചു.

# താഴ്‌വരയിൽ

എ. പി. നീലി, I-B.Sc.

മൂവന്തിമേഘങ്ങൾ സാന്ധ്യാംബരത്തെ മോടി പിടിപ്പിച്ചുകൊണ്ടേയിരുന്നു. സമുദ്രം കൈനീയത്തി കരയുടെ തോളിൽ സ്നേഹവായ്പോടെ തലോടിക്കൊണ്ടിരിക്കുന്നു. നിഷ്കളങ്കത നിഴലിച്ചുനില്ക്കുന്ന നീലാകാശം പ്രശാന്തതയുടെ പനിനീർ തൊട്ടിലിൽ നിർവൃതിയുടെ കല്പടവിൽ നൃത്തംവെയ്ക്കുന്ന ഇളംതെന്നലിനെ ഉമ്മ വെച്ചുകൊണ്ടിരിക്കുന്നു.

തങ്കനിറംപൂണ്ട സന്ധ്യ നഭസ്സിന്റെ ഹൃദയത്തിൽ തലചായ്ച്ചുകിടക്കുന്നു. ഇളംതെന്നൽ ഭൂമിയെപ്പുണരുന്നു. വണ്ട് പൂവിനെയുമ്മവെയ്ക്കുന്നു. മനോഹരമായ അന്തരീക്ഷത്തെ നിരീക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഓർമ്മകൾ ചിത്രശലഭങ്ങളെപ്പോലെ ഓടിയെത്തുകയാണ്.

മധുരമായ വേദനകൾ അയവിറക്കാൻ മാത്രം താനിന്നാഗ്രഹിക്കുന്നു. പ്രതീക്ഷകൾ കൈവെടിഞ്ഞപ്പോൾ നിരാശയുടെ നിഴലിൽ വിശ്രമിക്കാൻ താനിന്നിഷ്ടപ്പെടുന്നു.

വർഷങ്ങൾ പിന്നിട്ടപ്പോൾ പുതിയ പരിതഃസ്ഥിതികൾ സ്വന്തമായിക്കഴിഞ്ഞു. വസന്തങ്ങൾ പൂക്കുകയും, തളിർക്കുകയും, കൊഴിഞ്ഞു പോവുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നിട്ടും തന്റെ ജീവിതത്തിനുമാത്രം ഒരർത്ഥമില്ലാത്തതായി തോന്നുന്നു.

അന്നാദ്യമായി വീട്ടിനരികിൽക്കൂടി ശാന്തമായൊഴുകുന്ന ആ പുഴക്കരയിൽ അല്പനേരം ചെന്നിരിക്കാൻ തോന്നി. പുഴയരികിലുയർന്നു നില്ക്കുന്ന പാറക്കൂട്ടങ്ങളിൽ കയറിയിരുന്ന് വെള്ളത്തിലേയ്ക്ക് കാലുകൾ തൂക്കിയിട്ടപ്പോൾ ഇക്കിളിതോന്നി. എന്തൊരു കുളിർമയുള്ള വെള്ളം.

മനുഷ്യഹൃദയത്തിലെ വിഷമങ്ങൾപോലെ പുഴയുടെ ഇരുകരകളിലും പാറക്കൂട്ടങ്ങൾ ഉയർന്നുയർന്നുനില്ക്കുന്നു. ശീതളമായ മന്ദമാരുതനേറ്റ് കൊച്ചലകൾ നൃത്തംവെയ്ക്കുന്നതു നോക്കിയിരുന്നപ്പോൾ തന്റെ ഹൃദയത്തിലെ വേദനയാകുന്ന കൊച്ചലകളിലേക്ക് സ്മരണയെന്ന മണൽത്തിട്ടകൾ സാവധാനം ഇടിഞ്ഞു വീഴാൻ തുടങ്ങി.

മഞ്ഞുമൂടിയ കൊടുമുടികളുടെ താഴ്‌വരയിൽക്കൂടി പൊട്ടിച്ചിരിച്ചുകൊണ്ടൊഴുകുന്ന കാട്ടാറുകൾ, സമതലങ്ങളിൽ പച്ചപ്പട്ടുവിരിച്ചപോലുള്ള വയലുകൾ, കാവൽഭടന്മാരെപ്പോലെ തലയുയർത്തിനില്ക്കുന്ന സൈപ്രസ് മരങ്ങൾ, സൌരഭ്യം വഴിഞ്ഞൊഴുകിക്കൊണ്ട് തങ്ങളെത്തന്നെയർപ്പിക്കുന്ന പൂവനങ്ങൾ, നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടുള്ള വിവിധ പക്ഷികളുടെ കളകൂജനങ്ങൾ, ഇവയെല്ലാം ഒത്തിണങ്ങിയ ആ കൊച്ചുഗ്രാമത്തിലെ സ്മരണകളെത്ര മധുരമാണ്.

ശാന്തവും സമ്പന്നവുമായ ആ ജീവിതത്തിൽ താൻ കേട്ടിരുന്ന നാടും വീടും തനിക്കപരിമിതമായിരുന്നില്ലേ?... അവ പരിമിതമായിരുന്നിട്ടും വർഷങ്ങൾക്കുമുമ്പ് കണ്ടതും അനുഭവിച്ചതുമായ പല കാര്യങ്ങളും എത്ര വ്യക്തമായിട്ടാണ് ഓർമ്മയിൽ കളിയാടുന്നത്.

മഞ്ഞുമൂടിയ പുലരികളിൽ, ചൂടുപൊള്ളുന്ന വെയിലിൽ, കുളിർമയേകുന്ന നിലാവെളിച്ചത്തിൽ കൂട്ടുകാരുമൊത്തുള്ള തന്റെ ജീവിതമെത്ര സുന്ദരമായിരുന്നു.

വിട്ടുപിരിയാൻ വിഷമമെന്നുതോന്നിയ അവരെല്ലാം ഇന്ന് ഓർമ്മകളുടെ താളുകളിൽ മാത്രം അവശേഷിച്ചിരിക്കുന്നു. താനിനിയും അവരെയെല്ലാം കണ്ടുമുട്ടുമോ?... ആ ചോദ്യത്തിന് ഉത്തരം കാണാൻ തനിക്കിന്ന് ഒന്നുമില്ല.

എത്ര ദൂരെയായിരുന്നെങ്കിൽക്കൂടിയും അടുത്തുണ്ടെന്നു തോന്നിയ്ക്കുമായിരുന്നു, താനേറ്റവുമധികം സ്നേഹിച്ച തന്റെ 'ഷാജിമോൻ' പോലും തന്നെയിന്ന് നിശ്ശേഷം മറന്നില്ലേ?...

ഷാജിമോന് ചേച്ചിയുണ്ട്, ചേട്ടനുണ്ട്. വീട്ടിൽ ധാരാളം ആളുകളുണ്ട്. തനിക്കാരുണ്ട്. താനേകയായതുകൊണ്ടായിരിക്കാം — ഷാജിയുമായി അടുത്തുപോയത്.

തനിക്കിന്ന് സമ്പന്നമായ ഒരു ജീവിതത്തിനുവേണ്ടിയായിരിക്കും ഷാജിമോൾ എല്ലാം ഉപേക്ഷിച്ചത്. പക്ഷെ, അതോടൊപ്പം തന്റെ ജീവിതം വേദനയെന്ന അഗ്നികുണ്ഡത്തിലേക്ക് ഇഴഞ്ഞിഴഞ്ഞുപോവുകയാണ്.

തനിയ്ക്ക് ക്ലാസില്ലാത്ത ദിവസമെല്ലാം ഷാജിമോന്റേയും ക്ലാസ് നഷ്ടപ്പെടുത്തിയവളല്ലേ താൻ? ഇന്നത്തെ വേദനയ്ക്കുവേണ്ടിയുള്ള അല്പസന്തോഷം മാത്രമായിരുന്നിരിക്കാം അതും.

ഓർക്കാൻ വിഷമംതോന്നുന്നു. ഷാജിമോൻ ബി. എസ്‌സി.ക്ക് ഫൈനലിയറിനു പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം താൻ കേട്ടത് ഒരു സ്കൂട്ടറപകടത്തിൽ പരിക്കുപറ്റിയതാണ്. ഓ: കൊണ്ടുവന്നപ്പോൾ രക്തത്തിൽ കുളിച്ച ഷാജിമോൻ...

എന്നിട്ടും ഹോസ്പിറ്റലിൽ അവനുവേണ്ടി മറ്റുള്ളവരോടൊപ്പം എത്രദിവസം ഉറക്കൊഴിച്ചു. വീണ്ടും തന്നെത്തന്നെ അവനു കാഴ്ചവെച്ച കഥ താൻ ഷാജിമോനെ അറിയിച്ചില്ലേ?...

ഒരുമിച്ചു ജീവിച്ച രണ്ടു കുടുംബങ്ങൾ വേർപിരിയുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചില്ല. പക്ഷെ ജന്മദേശത്തിന്റെ വിളി! അതു തടുക്കാനാവാത്ത പ്രലോഭനമാണ്. ആ പഴയ ഗന്ധം നുകരാൻ, പരിചയമുള്ള മുഖങ്ങൾ കാണാൻ മനുഷ്യൻ വീണ്ടും ആഗ്രഹിക്കുന്നു.

തന്റെ പിതാവും അതിനാഗ്രഹിച്ചു. വർഷങ്ങളുടെ സർവ്വീസിനുശേഷം അച്ഛനും മാറ്റം ആവശ്യപ്പെട്ടു. ആരും പ്രതീക്ഷിക്കാത്ത ഒരു പുലരിയിൽ മാറ്റവും കിട്ടി.

യാത്രയ്ക്കുള്ള ആരംഭം കുറിച്ചു. പക്ഷെ, ഷാജിമോനെ താനോ, കുടുംബാംഗങ്ങളോ അതറിയിച്ചില്ല... അവസാനത്തെ വൈകുന്നേരം ഒന്നു കണാൻവേണ്ടിമാത്രം ഹോസ്പിറ്റലിൽ പോയി.

അന്നെത്ര കാര്യങ്ങളെപ്പറ്റി സംസാരിച്ചു. ഷാജിമോന്റെ സംസാരത്തിൽനിന്ന് തനിക്കൊന്നും അന്നു മനസ്സിലായില്ല. തിരിച്ചുവരാനുള്ള സമയമെടുത്തപ്പോൾ മനസ്സിലെ വേർപാടിന്റെ തപ്തബിന്ദുക്കൾ മിഴിനീർകണങ്ങളായി രൂപംകൊള്ളാൻ തുടങ്ങി. "ഷാജിമോനെ നാളെ രാവിലെ ഞങ്ങൾ നാട്ടിൽ പോവുകയാണ്. അച്ഛന്.........."

പിന്നീടൊന്നും പറഞ്ഞില്ല. എല്ലാം മനസ്സിലായ ഷാജി തന്നെ ഗദ്ഗദകണ്ഠനായി യാത്രയയച്ചു.

കലങ്ങിയ മനസ്സോടുകൂടി പോരുമ്പോഴും അമ്മയുടെ വാക്കുകൾ ഓർക്കുകയായിരുന്നു. "പോകുമ്പോൾ നാം 'ദിനേശി'നെ കാണുമായിരിക്കും. അവൻ പ്രത്യേകം എഴുതിയിട്ടുണ്ട് നിന്നെകാണണമെന്ന്."

തീർച്ചയായും, അതുതന്നെ. തന്റെ മരണം അവന്റെ വീട്ടിൽവെച്ചായിരിക്കും. അച്ഛന്റെ മരുമകൻ... അവിടെയാണ് തന്റെ ജയിൽ...

വീട്ടിലെത്തിയപ്പോൾ പതുങ്ങിയ ശബ്ദത്തിലുള്ള അമ്മയുടേയും അച്ഛന്റെയും സംസാരത്തിൽനിന്നും തനിക്കതുമനസ്സിലായില്ലെ!

മുറിയിൽചെന്നു കുറെ സമയം കരഞ്ഞു. ഷാജിയ്ക്കൊരു നീണ്ടലേഖനമെഴുതി. കാലത്ത് പുറപ്പെടുന്ന തനിക്ക് ഈ ലോകത്തിലൊന്നും അവശേഷിച്ചിട്ടില്ലെന്ന് തോന്നി.

പിന്നീട് നാട്ടിലെത്തി. പരിചയത്തിനുവേണ്ടിയുള്ള ജനപ്രവാഹങ്ങളുടെ നടുവിലേയ്ക്ക് സ്വയം ആനയിക്കപ്പെട്ടു. എന്നിട്ടും തന്നെത്തന്നെയർപ്പിച്ച എത്രയെഴുത്തുകൾ ഷാജിക്കയച്ചു. വേദനയിൽക്കുതിർന്ന തന്റെ കണ്ണുനീരെത്ര ഒഴുകിപ്പോയി. വീട്ടിൽനിന്നും വരുന്ന എഴുത്തിലെല്ലാം ഷാജിയുടെ സുഖവിവരം കണ്ടു. പക്ഷെ ഒരിക്കലും അവൻ തനിക്കെഴുതിയില്ല. സ്വയം മറക്കപ്പെടുവാനായിരിക്കും... ... ...

താനെത്ര കേണപേക്ഷിച്ചു. തന്റെ അച്ഛനുമമ്മയും തന്റെ സ്നേഹത്തിൽ മാത്രം എന്തിനിത്ര വെറുപ്പുകാണിയ്ക്കുന്നു. മറ്റൊരുവനുവേണ്ടി തന്റെ സ്നേഹത്തെ ഷാജിയിൽനിന്നടർത്തിയെടുക്കാൻ സാധ്യമല്ലെന്ന് എത്രതവണ പറഞ്ഞതാണ്...... ഇന്നും പറയുന്നു... പക്ഷെ അങ്ങിനെ അവസാനം താൻ മരിക്കും... തന്റെ ജയിലിൽവച്ച്... അച്ഛന്റെയും അമ്മയുടേയും ആഗ്രഹം സാധിക്കും—പിന്നെ......?

അടുത്തുനിന്നുള്ള പെരപെര ശബ്ദം തന്നെ ചിന്തയിൽനിന്നും ഉണർത്തി. ഓ! ഉണങ്ങിയ ഇലകളിൽക്കൂടി അമ്മതന്നെ തിരഞ്ഞു വരികയാണ്. രാത്രിയുടെ തിരശ്ശീല ഇറങ്ങി വരികയാണ്. അങ്ങ് മലമുകളിൽനിന്ന് പൂർണ്ണചന്ദ്രൻ മധുരമനോജ്ഞമായൊന്നു പുഞ്ചിരിച്ചു.

അമ്മയുടെ കൂടെ വേഗം പോന്നു. രണ്ടുപേരും പരസ്പരം ഒന്നും ഉരിയാടിയില്ല. ചന്ദ്രരശ്മികളുടെ പ്രകാശം നദിയിലിങ്ങനെ പ്രതിബിംബിച്ചുകണ്ടപ്പോൾ, ശരത്കാല ചന്ദ്രനെപ്പോലെ പ്രകാശമുള്ള ശീതളച്ഛായകലർന്ന ഷാജിമോന്റെ ചിരി ഓർമ്മയുടെ അന്തർനാളത്തിൽ അപ്പോഴും കളിയാടുകയായിരുന്നു.

ചലച്ചിത്രഗാനങ്ങൾ കഴിഞ്ഞപ്പോൾ നേരെ ഉറങ്ങാൻ തയ്യാറെടുത്തു. അമ്മയുടെ സാന്നിദ്ധ്യം അതിനു മാറ്റുകൂട്ടി. പക്ഷെ ഉറക്കം, അതൊരു ചോദ്യചിഹ്നമായിരുന്നു. ജനലിൽക്കൂടി പുറത്തേയ്ക്കുനോക്കി. നീലാകാശത്തിൽ വെള്ളിപ്പട്ടു പരപ്പിക്കുന്ന ചന്ദ്രന്റെ കാഴ്ച എത്ര കുളിർമയേറിയതാണ്.

ഷാജിയും താനും എത്രയെത്ര ചന്ദ്രോദയങ്ങൾ കണ്ടു പരസ്പരം മറന്നുനിന്നതാണ്. ഇന്നോ? ഓ, ഷാജി! നിന്റെ അഭാവത്തിൽ ഞാനിന്ന് പ്രഭാതരശ്മികൾ കാണാറില്ല. നീലാകാശത്തിൽ പാതിരാചന്ദ്രൻ വെള്ളിപ്പട്ടു പരപ്പിക്കുമ്പോൾ നിർവൃതിയുടെ ലോകത്തിലേക്കിറങ്ങിച്ചെല്ലാറില്ല. വസന്തംപരത്തുന്ന ഭൂമിയുടെ മനോമുഖത്തിൽ സൗന്ദര്യം സ്മരണയിൽ മാത്രം കളിയാടുന്ന ഒന്നായിത്തീർന്നിരിക്കുന്നു.

എപ്പോഴാണ് ഉറങ്ങിയതെന്ന് എനിക്കറിഞ്ഞുകൂടാ. ഉണർന്നുനോക്കിയപ്പോൾ അമ്മയുണ്ട് പരിഭ്രമിച്ച് നില്ക്കുന്നു. കയ്യിലൊരു കടലാസും.

ഞാനോടിച്ചെന്നതു വാങ്ങി. വായിച്ചുനോക്കി–"ഷാജി, സീരിയസ്, സ്റ്റാർട്ട് ഇമ്മിഡിയറ്റ്ലി വിത്ത് ബീനാ."

അച്ഛനെവിടെ. ഞാനുച്ചത്തിൽ കരഞ്ഞു....

ഡ്രസ്സുചെയ്യുന്നുണ്ട്. മോള് കരയാതെ.

കാർ ഷെഡ്ഡിൽനിന്നിറക്കിയപ്പോൾ താനതിൽ കയറി. ഒരുതുള്ളി വെള്ളത്തിനുവേണ്ടി ദാഹിക്കുന്ന വേഴാമ്പലിനെപ്പോലെ ഷാജിമോനെ ഒരു നോക്കുകാണാൻ ഞാനാഗ്രഹിച്ചു...

അച്ഛനുമമ്മയും കയറിയതാമസം കാർ പുറപ്പെട്ടു. എങ്കിലും തനിക്ക് നിയന്ത്രണം വിട്ടുപോയി...

വയലുകളും, പുഴകളും, കാടും, മലയും താഴ്വരകളും പിന്നിട്ട് പിറ്റേദിവസം രാവിലെ സുരഭിലസുന്ദരമായ ആ താഴ്വരയിൽ സ്ഥിതിചെയ്യുന്ന മണിമാളികയുടെ മുറ്റത്ത് കാർ നിർത്തി.

ഞങ്ങൾ അകത്തേക്കോടി... ജനക്കൂട്ടങ്ങളുടെ ഉള്ളിൽക്കൂടി തിക്കിയും തിരക്കിയും ആ മുറിയിലേക്ക് ഞങ്ങൾ ചെന്നു.

മനസ്സൊന്നു പിടഞ്ഞു. കാലുകൾ വിറച്ചു. മനോഹരമായലങ്കരിച്ച വിരിപ്പിൽ ശുഭ്രവസ്ത്രതാലാവരണംചെയ്യപ്പെട്ട ആ ശരീരം ഒന്നു നോക്കി.

ഷാജിയുടെ അമ്മ ഞങ്ങളെ കെട്ടിപ്പിടിച്ചു കരഞ്ഞു. അതിൽ നിന്നൊരക്ഷരം വ്യക്തമായി. "മോളെ ...പോയ്‌മോൻ..."

താനാ ശരീരത്തിലേക്കു് വീണു. നിർജ്ജീവങ്ങളായ ആ കാലുകളിൽ ചുംബിച്ചു് ഉറക്കെക്കരഞ്ഞു.

ഞാൻ ചുറ്റുപാടും നോക്കി. ഷാജിയെവിടെ? ജനങ്ങളെല്ലാം പിരിഞ്ഞുപോയിരിക്കുന്നു. എന്തൊരു നിശ്ശബ്ദത. ഞാൻ വെളിയിലിറങ്ങി. തെക്കുഭാഗത്തുയർന്നു നില്ക്കുന്ന,-തനിക്കും ഷാജിക്കും ഏറ്റവും പരിചിതങ്ങളായ-ആ മലകളുടെ താഴ്‌വരയിലേക്കു് നോക്കി...

അതാ!...ഷാജിമോൻ തന്നെ മാടിവിളിക്കുന്നു. കുളിർന്നുകിടക്കുന്ന ആ ചെമ്മൺ കുമ്പാരത്തിന്റടുത്തേക്കു് ഞാനോടി. ഷാജിമോൻ അന്ത്യവിശ്രമംകൊള്ളുന്ന ആ മൺകുമ്പാരത്തിനു മുകളിൽ തലയടിച്ചു കരഞ്ഞു.

അമ്പലത്തിൽനിന്നും ഇലക്കുമ്പിളിൽ നീട്ടിയ ചന്ദനത്തിലൊട്ടിനിന്നിരുന്ന പവിഴമല്ലിയുടെ വാടാത്ത ഒരിതളിൽനോക്കി ജീവിതത്തിന്റെ നിമിഷങ്ങൾ അടർത്തിവീഴ്ത്തിയ ഷാജിമോനു് താനൊരന്തിമചുംബനംകൂടിയർപ്പിച്ചു. സാവധാനം എഴുന്നേററു...

അയ്യോ...എന്റെ ബീനാ, നീ എന്താണീ ചെയ്യുന്നതു്. അമ്മയുടെ തലമുടി ഒന്നു വിട്ടെ...

താനാകെ തളർന്നിരിക്കുന്നു. താൻ കണ്ടതു് സ്വപ്നമാണോ? ആ ഭീകരസ്വപ്നത്തിന്റെ കരിനിഴലുകൾ മുഴുവൻ തുടച്ചുമാറ്റാൻവേണ്ടി അമ്മയോടെല്ലാം പറഞ്ഞു.

ഒരു മകനുവേണ്ടി ദാഹിച്ച അവരുടെ മകനായിരുന്ന ഷാജി ഒരു മുടന്തനായപ്പോൾ മാത്രമല്ല, ഒരു കുലീനസ്ത്രീയായ അവർ തന്റെ ഓമനപ്പുത്രിയെ മാറ്റിനിർത്തി. മറ്റൊരു ബന്ധത്തിന്റെ തുടക്കം ഖണ്ഡിക്കാൻവേണ്ടിക്കൂടിയായിരുന്നു ജന്മനാടിനെ അന്വേഷിച്ചിറങ്ങിയതെന്നു് പലപ്പോഴും തനിക്കു മനസ്സിലായതാണു്.

കാലത്തെഴുന്നേററപ്പോൾ വല്ലാത്ത ക്ഷീണംതോന്നി. അമ്മയെ വേദനിപ്പിച്ച വിഷമവും തന്റെ സ്വപ്നവും ഒരുപോലെ തന്നെ അസ്വസ്ഥയാക്കി.

അമ്മയുടെ മുഖം കണക്കിലധികം വിഷമത്തെ വിളിച്ചുപറഞ്ഞു. ക്ഷീണിച്ചവശയായ തന്നെക്കണ്ടപ്പോൾ പൂർവ്വകാലജീവിതത്തെയോർത്തിട്ടെന്നപോലെ അവർ മുഖം തിരിച്ചുകളഞ്ഞു.

അന്നത്തെ പ്രഭാതകിരണങ്ങൾക്കു് ഊർജ്ജസ്വലത കൂടുന്തോറും വീട്ടിലെന്തൊക്കെയോ മാറ്റങ്ങൾ കാണപ്പെട്ടു.

അമ്മയുടെ നിർബ്ബന്ധപ്രകാരമെന്നപോലെ അച്ഛൻ ഒരാഴ്ചത്തെ ലീവെഴുതി. ഏകദേശം പത്തുമണിയോടുകൂടി അവരു ദൂരെ ഒരു കൊച്ചുതാഴ്‌വരയിൽ താമസിക്കുന്ന ഷാജിമോനെക്കാണാൻ പുറപ്പെട്ടു.

ഒരു ചുവന്ന വരപോലെ മൺനിറഞ്ഞ റോഡിൽക്കൂടി കാർ അകന്നകന്നു പോകുന്നതു നോക്കിനിന്നപ്പോൾ പൂത്തുനില്ക്കുന്ന മാവിൽ പുതുതളിരുണ്ടുകൊണ്ടിരിക്കുന്ന പൂങ്കുയിലുകളുടെ പഞ്ചമം തന്റെ മനസ്സിലെ ഏതോ ഒരോർമ്മയുടെ താളുകൾ മറിച്ചുകൊണ്ടിരിക്കുകയായിരുന്നു.

# *വിശ്വാസങ്ങൾ

*എ. പി. നളിനൻ, I B. Sc.*

കുറുങ്ങിൻ തോട്ടത്തിലൂടെ വേട്ടേക്കരൻ കോട്ടയിലേക്ക് നടക്കുമ്പോൾ വല്ല്യേട്ടനെക്കുറിച്ചായിരുന്നു ഉണ്ണീയുടെ ചിന്ത മുഴുവൻ.

കണ്ണുമറയ്ക്കുന്ന, കുരുവികളെ അനുസ്മരിപ്പിക്കുന്ന തലമുടി……… കൂർത്ത മൂക്കിനുതാഴെ കറുപ്പിച്ച വെളുത്ത രോമങ്ങൾ……… കവിളിലേക്കിറങ്ങിനില്ക്കുന്ന വീതുളി………

ഒരു വലിയ പവറുകാരൻ! കോളേജുകുമാരൻ!

ഉണ്ണിയ്ക്കു കേൾക്കണം മൂപ്പരുടെ പുരാണമൊന്നും. പട്ടണത്തിലെ കോളേജിലെ വർത്തമാനങ്ങൾ പൊടിപ്പും തൊങ്ങലുംവെച്ച് വണ്ണിക്കുമ്പോൾ വിടർന്ന കണ്ണുകളോടെ കേട്ടിരിക്കാൻ വല്ല്യോപ്പോളെയും മിനിക്കുട്ടിയേയും പോലെ ഉണ്ണിയത്ര വിഡ്ഢിയൊന്നുമല്ല.

ഉണ്ണീയും വല്യതാകട്ടെ. വല്ല്യേട്ടനെക്കാളും കേമനാകും (വല്ല്യേട്ടൻ കേമനാണോന്ന് ഇപ്പോഴും സംശയമാണ്ട്ടോ!) പക്ഷെ ഒന്നുതീർച്ച. വല്ല്യേട്ടനെപ്പോലെ ഈശ്വരനെ നിന്ദിക്കില്ല.

എന്തൊക്കെയാ വല്ല്യേട്ടൻ പറയുന്നത്! ഈശ്വരൻ ഇല്ല്യാത്രെ! നല്ല കാര്യായി. പിന്നെ ആരാ ഉള്ളത്?

ഈശ്വരനൊക്കെ സങ്കല്പാത്രെ! കുറ്റം വിവരമില്ല്യ വല്ല്യേട്ടന് ഒട്ടും. കോളേജിലാണത്രെ പഠിക്കുന്നത്! പഠിപ്പ് അധികമായതിന്റെ ലക്ഷണമാണ് കാണുന്നത്.

മുത്തശ്ശി പറഞ്ഞല്ലോ ഈശ്വരൻ ഉണ്ടെന്ന്. വല്ല്യേട്ടനെക്കാളും വിവരം മുത്തശ്ശിയ്ക്കാണ്. പോരെങ്കിൽ വയസ്സുമിത്തിരിയായില്ലേ?

മൂക്കിന്മേല് വാലില്ലാത്ത കണ്ണടയുംവെച്ച് നാലിറയത്ത് കാലും നീട്ടിയിരുന്ന് മുത്തശ്ശി രാമായണം നീട്ടിവലിച്ച് വായിക്കുന്നത് കേട്ടിട്ടുണ്ടോ? കേട്ടിരുന്ന് നേരംപോകുന്നതറിയില്ല്യ. ഭാഗവതോം രാമായണോം ഒക്കെ വായിച്ചാൽ സുകൃതം കിട്ടുംത്രെ!

ഈശ്വരനെ നിന്ദിക്കുന്നവർക്കെങ്ങിനെ സുകൃതം കിട്ടും? ഈശ്വരനെ നിന്ദിച്ചാൽ സുകൃതം കിട്ടില്ല്യ. അതു പാപമാണ്. വല്ല്യേട്ടൻ ഈശ്വരനെ നിന്ദിച്ചില്ലേ?

---

* സാഹിത്യസമ്മേളനത്തിൽ പാരായണംചെയ്യാൻ തിരഞ്ഞെടുക്കപ്പെട്ട കഥ.

അപ്പോ വല്യേട്ടൻ നരകത്തിലേ പോകൂ. നരകമെന്ന പേര് കേൾക്കുമ്പോൾതന്നെ പേടിയാണ്. നരകത്തെക്കുറിച്ച് മുത്തശ്ശി വർണ്ണിക്കുമ്പോൾ ഓരോ രോമവും എഴുന്നേററുനില്ക്കും. അവസാനം സഹികെട്ട് പറയും;

''മതി മുത്തശ്ശി, ഇക്ക് പേട്യാവുണു......''

''ന്റെ കുട്ടി എന്തിനാ പേടിക്കണെ. ഉണ്ണ്യി സ്വർഗ്ഗത്തിലേ പോകൂ. ഈശ്വരവിചാരം ഉള്ളോരൊക്കെ സ്വർഗ്ഗത്തിലേ പോകൂ......''

മുത്തശ്ശിയുടെ വാക്കുകൾ കേൾക്കുമ്പോൾ മനസ്സിലൊരായിരം പൂത്തിരികത്തിച്ചുവെച്ചതുപോലെ.

ഭാഗ്യം! ഉണ്ണ്യി നരകത്തില് പോവ്വില്ല. മരിക്കാറാവുമ്പഴ് ദേവേന്ദ്രന്റെ ആൾക്കാര് വിമാനത്തില് വരും, സ്വർഗ്ഗത്തിലേക്ക് മാലയിട്ട് കൊണ്ടുപോകാൻ! — ഹായ്! ഒന്ന് വേഗം മരിച്ചാൽ മതിയായിരുന്നു!

എന്നാൽ കണക്കുചെയ്യാതെ ചെല്ലുന്നതിന്ന് പിഷാരടിമാസ്റ്ററുടെ ചൂരൽപ്പഴം വാങ്ങാതെ കഴിക്കാമായിരുന്നു. നരകത്തിലേക്ക് കാലുംനീട്ടിയിരിക്കുന്ന വല്യേട്ടന്, ദേവേന്ദ്രന്റെ സദസ്സിലിരുന്ന് അന്തസ്സിലൊരു സലാം കൊടുക്കാമായിരുന്നു...!

ഇന്നലെ തകർത്തു മഴപെയ്യുകകാരണം വഴിയിൽ വഴുക്കലുണ്ട്. സൂക്ഷിച്ചു നടന്നില്ലെങ്കിൽ വീഴും. കുഞ്ഞിക്കിണ്ടി ഉടയും. നിവേദ്യച്ചോറു തട്ടിച്ചിന്നും. വേട്ടേക്കരന് നിവേദിക്കലും മുടങ്ങും. പിന്നത്തെ കഥ പറയാതിരിക്കുന്നതാ ഭേദം......!

''കീ—കിർ...കീ...കിർ.....''

എന്താണത്? അടിച്ചുതളിക്കാരി കുഞ്ഞിക്കാളി പറഞ്ഞുതന്ന പക്ഷിയുടെ ശബ്ദമാണോ അത്?

മയിലാട്ടുംകുന്നിന്റെ നെറുകയിൽ ആകാശംമുട്ടിനില്ക്കുന്ന മരമുണ്ട്. അതിന്റെ ഒത്ത മുകളിലാണത്രെ ഇഷ്ടന്റെ താമസം.

കടുംചുവപ്പുനിറമാണത്രെ! തനി നക്സൽ ബാരി!

എല്ലാം കുഞ്ഞിക്കാളിപറഞ്ഞുതന്നു. എല്ലാമാസവും ഒരു പ്രത്യേക ദിവസം ആ പക്ഷി വന്ന് ഓരോ സ്ത്രീയോടും 'പുറത്തുപോകാൻ' പറയുമത്രെ! മൂന്നാംദിവസം ആ പക്ഷിവന്ന് അകത്തുകയറാൻ പറയുന്നതുവരെ മററുള്ളവർക്കു തൊടാൻ പാടില്ല!

എളേളമ്മയുടേയും മുല്ലപ്പൂവിന്റേയും മണമുള്ള വല്യോപ്പോളുടെ ശരീരത്തിൽ പറ്റിച്ചേർന്നാണുറങ്ങാറു്. പക്ഷെ ചുവന്ന പക്ഷിവന്നു പുറത്തുപോകാൻ പറഞ്ഞാൽപ്പിന്നെ മൂന്നുദിവസം മുത്തശ്ശിയുടേയും മിനിക്കുട്ടിയുടേയുംകൂടെ മച്ചിൽക്കിടക്കും.

അപ്പോഴൊക്കെ വെളിച്ചം കയറാത്ത വടക്കേ അറയുടെ ഒരു മൂലയിൽ കീറപ്പായയിൽ കിടന്നുറങ്ങുന്ന ഓപ്പോളോട് അനുകമ്പ തോന്നാറുണ്ട്.

അമ്മയോടും വല്യമ്മയോടും എല്ലാം പക്ഷിവന്ന് 'പുറത്തുപോകാൻ' പറയും. മുത്തശ്ശിയോട് പുറത്തുപോകാൻ പറയാറുമില്ല. മുത്തശ്ശിയെ ചുവന്ന പക്ഷിക്ക് പേടിയാണത്രെ!

പക്ഷെ വല്യേട്ടന് മുത്തശ്ശിയെ പേടിയില്ല. മുത്തശ്ശിയുടെ കാതിലെ പൊൻചിററുകൾ പിടിച്ചാട്ടിക്കൊണ്ട് വല്യേട്ടൻ കളിയാക്കും;

''ഗുരുവായൂരെ കള്ളക്കൃഷ്ണൻ വന്നോ?''

അപ്പോൾ ദേഷ്യത്തോടെ വല്യേട്ടന്റെ പിന്നാലെ കയ്യും പരത്തി, കൂനിക്കൂനി അടിയ്ക്കാനോടുന്ന മുത്തശ്ശിയെ കാണുമ്പോൾ കുമ്പകുലുക്കി ചിരിക്കാതിരിക്കാൻ പറ്റാറില്ല. 'കുട്ടിക്കുരങ്ങ്'നെന്നാണ് വല്യേട്ടന് മുത്തശ്ശിയിട്ട ഓമനപ്പേർ!

വീണ്ടും—

''കീ...കിർ... കീ...കിർ......''

ശ്രദ്ധിച്ചു. എവിടെനിന്നാണ് ശബ്ദം കേൾക്കുന്നത്? ഉറിഞ്ചി മരക്കൊമ്പിൽ നിന്നാണോ? അതോ, അപ്പുറത്തെ കൈതക്കാട്ടിൽ നിന്നോ?

ഇതുവരെ ചുവന്ന പക്ഷിയെക്കണ്ടിട്ടില്ല. കണ്ടാൽ കല്ലെറിഞ്ഞ് കൊല്ലണം. ദുഷ്ടൻ! പെണ്ണുങ്ങളോട് പുറത്തുപോകാൻ പറഞ്ഞിട്ട് അവനെന്തുകിട്ടാനാണ്?

ബോംബെയിലൊന്നും ചുവന്ന പക്ഷി ഇല്ലെന്നല്ലേ ചെറിയമ്മാമൻെറ മകൻ ബാബു പറഞ്ഞത്? അമ്മായിയോടും അടുത്തവീട്ടിലെ താടിക്കാരനായ സിംഗിൻെറ ഭാര്യയോടും ചുവന്ന പക്ഷി ഇതുവരെ പുറത്തുപോകാൻ പറഞ്ഞിട്ടില്ലത്രെ!

ഇപ്പോൾ ശബ്ദമെവിടെ? കേൾക്കാനില്ലല്ലോ!

ചുവന്ന പക്ഷിയെ വകവരുത്തിയിരുന്നെങ്കിൽ അമ്മയ്ക്കും വല്യോപ്പോൾക്കുമൊന്നും 'പുറത്തുപോകേണ്ടി' വരില്ല. എന്നും വല്യോപ്പോളുടെകൂടെ കിടന്നുറങ്ങുകയും ചെയ്യാം.

ഓ... ഓർത്തില്ല. വരുന്ന മേടപ്പൂട്ടലിന്ന് വല്യോപ്പോളുടെ വേളിയല്ലെ. മദ്രാസിലൊരു വലിയ ഡോക്ടറാണ് വേളി കഴിക്കുന്നത്!

കിഴക്കിനിയുടെ പിൻവശത്ത് കുററൻ നെടുമ്പുര ഉയരും. അവിടെ രാമസ്വാമിയും കുട്ടിപ്പട്ടന്മാരും കിടന്നു പരക്കംപായും. രാമസ്വാമി ഉണ്ടാക്കുന്ന എന്തിനും പ്രത്യേകമൊരു സ്വാദാണ്. മൂപ്പരുടെ പാലടപ്രഥമൻ പ്രസിദ്ധമാണ്.

വടക്കിനിയിൽ നിറപറയുടേയും നിലവിളക്കിൻേറയും മുമ്പിൽ കയ്യിൽ വാൽക്കണ്ണാടിയുമായി മൂടിപ്പുതച്ചിരിക്കുന്ന വല്യോപ്പോളുടെ ചിത്രം മനസ്സിൽ കണ്ടു.

വേളികഴിഞ്ഞാൽ വല്യോപ്പോൾ ഏട്ടൻെറകൂടെ മദ്രാസിലേക്കു പോകും. അവിടെയും ഉപദ്രവിക്കാൻ ചുവന്ന പക്ഷിയുണ്ടോ?
ആർക്കറിയാം?

കനത്ത കണ്ണടയും, കട്ടിയുള്ള മീശയുമുള്ള ഡോക്ടറെ ഇഷ്ടപ്പെട്ടു. വല്യേട്ടനും അടുത്ത കൊല്ലം മെഡിക്കൽകോളേജിൽ പോകുമെന്നാവിമ്പിളക്കുന്നത്. കണ്ടറിയണം......

ആദ്യം ഈശ്വരൻെറ അനുഗ്രഹം വേണം. അതിന് ഈശ്വരനെ ഇങ്ങിനെ നിന്ദിച്ചാൽ പറ്റ്വോ? ഒന്നുകൂടി ഉപദേശിച്ചുനോക്കണം. വിഭീഷണൻ രാവണനെ ഉപദേശിച്ചമാതിരി. പക്ഷെ ഈശ്വരൻെറ കാര്യം പറയാൻ തുടങ്ങുമ്പോൾ കളിയാക്കാൻ തുടങ്ങും. 'വിനാശകാലേ വിപരീതബുദ്ധിന്നാണല്ലോ പ്രമാണം(വയസ്സ് പത്തുകഴിഞ്ഞേയുള്ളുവെങ്കിലും ഉണ്ണിയ്ക്ക് പ്രമാണങ്ങളും കഥകളുമൊക്കെ കൊറെ അറിയാം ട്ടൊ! ഒക്കെ മുത്തശ്ശി പഠിപ്പിച്ചുതന്നതാ...)

'ഓനിച്ചുണ്ണി* ആയതിന്നുശേഷം പേട്ടേക്കരെന് നിവേദിക്കാറ് ഉണ്ണിയാണ്. അതിനും വല്ല്യേട്ടൻ കളിയാക്കും അപ്പോഴൊക്കെ ആ ക്രൂത്തുമുഖത്തിന് ഒരു കുത്തുവെച്ചുകൊടുക്കാൻ തോന്നും, ചെയ്യാറില്ലെന്നു മാത്രം!

ചെയ്താലോ,

ഇങ്ങോട്ടും കിട്ടും നല്ലോണം. അച്ഛൻ ജസ്റ്റിസുടെ അടുത്തുചെന്നാൽ അന്യായം തള്ളിപോകും. അച്ഛൻ വല്ല്യേട്ടനെ ഒന്നുംപറയില്ല. മീശവെച്ചൂന്നും വെച്ചിട്ടാണോ? എന്നാ ഉണ്ണീം വെയ്ക്കും മീശ!

മുത്തശ്ശിയാണ് ഉണ്ണിയുടെ വക്കീല്. (ചിലപ്പൊ മുത്തശ്ശീം തെററും. മുത്തശ്ശിയുടെ പുളിച്ച ചീത്ത ഒരു നിമിഷംപോലും കേട്ടുനില്ക്കാനാവില്ല!)

"അമ്മ പഴകഥകളും പുരാണോം പറഞ്ഞുകൊടുത്ത് ഉണ്ണിനെ വഷളാക്കി...."

–മുത്തശ്ശിയെക്കുറിച്ചുള്ള അച്ഛൻെറ പരാതിയാണത്. എന്താ വഷളായിട്ടുണ്ടോ? നന്നായിട്ടേഉള്ളൂ അല്ലേ? കണ്ടില്ലേ, വല്യേട്ടൻ തലതിരിഞ്ഞു് നടക്കുന്നത്–ഈശ്വരവിചാരം ഒട്ടും ഇല്ലാതെ!

ഉണ്ണി അങ്ങിനെയൊന്നുമാവില്ല. വല്യേട്ടനെപ്പോലെ പൂണൂലിടാതെ നടക്കില്ല. മുറയ്ക്ക് സന്ധ്യാവന്ദനോം, ജപോം, തേവാരോം ഒക്കെ നടത്തും. ഗായത്രിമന്ത്രംകൂടി വല്യേട്ടൻ മറന്നുതുടങ്ങീത്രെ!

മുന്നിലേക്കു വീണുകിടക്കുന്ന തലമുടിയിഴകൾ അസ്വാസ്ഥ്യമുണ്ടാക്കി. തലമുടി വല്ലാതെ

* നമ്പൂതിരിമാരുടെ ഇടയിലുടെ പൂണൂലിടൽ കർമ്മം കഴിഞ്ഞ നമ്പൂതിരിക്കുട്ടി.

നീണ്ടുതുടങ്ങിയിരിക്കുന്നു. സമാവർത്തനം* കഴിയാൻ ഇനിയും രണ്ടുമാസം വേണം. അപ്പോഴേക്കും തലമുടി കഴുത്തറ്റം നീണ്ടുകഴിഞ്ഞിരിക്കും

പിന്നെ ഉണ്ണിയല്ല. ഉണ്ണിനമ്പൂതിരിയാണ്. കൃഷ്ണാജിനവും* പാളക്കോണവുമായി പിന്നെ ഓടിനടക്കണ്ട. മുണ്ടുതന്നെയുടുക്കാം. അപ്പൊപ്പിന്നെ വല്യേട്ടൻ "ഹിപ്പി"ന്ന് വിളിക്കില്ല ..

നനഞ്ഞ കവുങ്ങിൻ തടങ്ങളിൽ വീണു കിടക്കുന്ന അടയ്ക്കകളോ, എരഞ്ഞിച്ചുവട്ടിലെ കൊഴിഞ്ഞുവീണ പൂക്കളോ ഒന്നും ഉണ്ണികണ്ടില്ല. ഉണ്ണിയിന്ന് വല്യേട്ടന്റെ ലോകത്തായിരുന്നു.

വേട്ടേക്കരൻ കോട്ടയുടെ കരിങ്കൽപടവുകളിൽ ചവിട്ടിയപ്പോൾ മാത്രമെ ഉണ്ണി ഉണർന്നുള്ളു. നിവേദ്യച്ചോറ് ഊട്ടുപുരയുടെ തിണ്ണയിൽവെച്ച് കിണ്ടിയുമെടുത്ത് വടക്കുവശത്തെ കുട്ടിക്കിണറിന്നടുത്തേക്ക് നടന്നു.

നല്ല വിശപ്പ്! നിവേദ്യം കഴിഞ്ഞ് ഇല്ലത്തുചെന്ന വല്ലതും കഴിയ്ക്കാനൊക്കു! നിവേദ്യച്ചോറും തിന്നക്കൂടാ. അത് മിനിക്കുട്ടിക്ക് പാസ്സായിട്ടുള്ളതാണ്. മൂപ്പത്തിയാരുടെ ദയ കൊണ്ട് കുറച്ച് കിട്ടിയാലായി. അതിനും വേണം കൈക്കൂലിയും ശുപാർശയുമെല്ലാം.

വേഗം നിവേദിച്ചു മടങ്ങാം. അപ്പോഴേക്കും ആവിപാറുന്ന, നെയ്യൊഴിച്ച പൊടിയരിക്കഞ്ഞി തയ്യാറായിട്ടുണ്ടാകും. ചെന്ന് ഒരൊറ്റക്കുടി. വിശപ്പ് പാപറക്കും.

പാളക്കൊട്ട കിണറ്റിലിട്ട് വെള്ളം മുക്കുമ്പോൾ വെള്ളത്തിൽ തുള്ളിക്കളിക്കുന്ന വാലാത്തന്മാരെക്കണ്ടു. കുളത്തിലും ഇവ ധാരാളമുണ്ട്. തണുത്ത വെള്ളത്തിൽ ഇറങ്ങിനിൽക്കുമ്പോൾ കാലുകൾക്കിടയിലൂടെ ഇവ ഓടിക്കളിക്കും-ഇക്കിളിയും അറപ്പും ഉളവാക്കിക്കൊണ്ട്.

കുളത്തിലാരുമില്ലെന്നുതോന്നുന്നു. കുളപ്പുരയിലോ? അതിവിടെനിന്നു നോക്കിയാൽ കാണില്ല.

കിണ്ടിയിൽ വെള്ളവുംനിറച്ച് ഉണ്ണി ഊട്ടുപുരയിലേക്ക് നടന്നു.

അവിടെക്കണ്ട കാഴ്ച എന്താണ്? ലോകം കീഴ്മേൽ മറിയുന്നതുപോലെ തോന്നി.

—നിവേദ്യച്ചോറ് കാണാനില്ല!

തിണ്ണയ്ക്കു ചുറ്റും രണ്ടുമൂന്നു വറ്റുകൾ വീണുകിടക്കുന്നു. ഇലപോലും കാണാനില്ല. കാക്ക കൊത്തിക്കൊണ്ടുപോയോ? അതോ മുടന്തൻ നായുടെ പണിയോ?

നാലുപാടും നോക്കി. ഒരെത്തുംപിടിയും കിട്ടുന്നില്ല. ആരായാലും നിവേദ്യച്ചോറു പോയി! ഇനിയെന്തുചെയ്യും?

അച്ഛനറിഞ്ഞാൽ പുളിവടി മുറിഞ്ഞുവീഴുന്നതുവരെ തല്ലും. മുത്തശ്ശിയറിഞ്ഞാൽ പുളിച്ച ചീത്തകേൾക്കും. കൂട്ടത്തിൽ വല്ലേട്ടന്റെ കളിയാക്കലും...

എല്ലാം സഹിക്കാം. എന്നാൽ വേട്ടേക്കരൻ കോപിച്ചാൽ.........ഓർക്കാൻകൂടി വയ്യ. വേട്ടേക്കരനുള്ള നിവേദ്യച്ചോറല്ലേ പോയത്? ഉണ്ണി ശ്രദ്ധിയ്ക്കാഞ്ഞിട്ടല്ലേ?

വേട്ടേക്കരൻ ശപിക്കുമോ?

ഈശ്വരാ! അങ്ങിനെ വരരുതെ! വേട്ടേക്കരൻ ശപിച്ചാൽ ...പിന്നെ രക്ഷയില്ല. ഒ പക്ഷേ നരകത്തിലും പോകും! അവിടെ യ കിങ്കരന്മാർ കൊല്ലാതെ കൊല്ലും.

ഉണ്ണി കണ്ണുകൾ ഇറുക്കിയടച്ചു. യമ കൂർത്ത ദംഷ്ട്രങ്ങൾ. ചുവന്നുതുറിച്ച കണ്ണുകൾ കാട്ടുപോത്ത്. കമ്പക്കയർ....

---

* മുണ്ടൂപ്പിക്കൽ കർമ്മം. അതിനുശേഷം ബ്രഹ്മചാരിയായി കോണകം മാത്രം ഉടുത്തുനടക്കുന്ന ഓതിക്കുണ്ണി ഉണ്ണിനമ്പൂതിരിയാവുന്നു.

* കൃഷ്ണമൃഗത്തിന്റെ തോൽ

ഒന്നുറക്കെ കരയണമെന്ന് തോന്നി, ഉണ്ണിയ്ക്ക്. നരകത്തിൽ പാപികളെ എണ്ണയിലിട്ടു വറക്കും. ചുട്ടുപഴുപ്പിച്ച കമ്പികൾകൊണ്ട് കണ്ണുകൾ ചൂഴ്ന്നെടുക്കും. പാമ്പുകളെ കൊണ്ട് കടിപ്പിക്കും....

എന്തായാലും കാര്യം ഇല്ലത്തറിയിക്കാതെ പററില്ല. നിവേദ്യച്ചോറു വേറെവേണം. അച്ഛന്റെ പുളിവടി ഉയർന്നുതാഴുന്നതു മനസ്സിൽ കണ്ടു. ആ ചെണ്ടകൊട്ടിനൊത്തു പാട്ടുപാടാൻ അനിയത്തിയുമുണ്ടാകും. നിവേദ്യച്ചോറ് അവൾക്കുള്ളതായിരുന്നല്ലോ!

കരയാതിരിക്കാൻ കഴിയുന്നില്ല. ദേഷ്യംകൊണ്ടു വിറക്കുന്ന അച്ഛന്റെ മുഖത്തെക്കുറിച്ചോർത്തപ്പോൾ, നരകത്തെക്കുറിച്ചോർത്തപ്പോൾ, മുത്തശ്ശിയുടെ ശകാരത്തെക്കുറിച്ചോർത്തപ്പോൾ സങ്കടം ഇരട്ടിച്ചു. കണ്ണുനീർപൊടിഞ്ഞു. ചുണ്ടുകൾ വിതുമ്പി.

"ന്വേദ്യച്ചോറു പോയേ....

ഉറക്കെക്കരഞ്ഞുകൊണ്ട് ഉണ്ണി ഇല്ലത്തേക്കോടി. കാറ്റിലാടുന്ന കവുങ്ങിൻകുമ്പുകൾ ഉണ്ണിയുടെ സംഗീതത്തിനൊത്ത് താളംപിടിച്ചു.

അപ്പോൾ--

കുളപ്പുരയിലിരുന്ന് നിവേദ്യച്ചോറ് തട്ടിവിടുന്ന വല്യേട്ടന്റെ പൊട്ടിച്ചിരി ഉയർന്നത് ഉണ്ണി കേട്ടുകാണുമോ, എന്തോ?